മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 06 THE ONLINE OFFICIAL NEWS BULLETIN 2026 February 05

SEASON OF THE EPIPHANY ദനഹാകാലം ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
8  ♪8 Hadbšabo d Anidé Sunday of the All Faithful Departed Comme. of Mar Abo (Morth Mariyam Church, Thevalakkara)	9  ♪4 17th Mem. of Mathews Mar Epiphanios Metropolitan ✠ (St. Thomas Cathedral, Kollam)	10 ♪8	11 ♪4	12 ♪8	13  ♪4 94th Mem. of Patriarch Mar Elias III of Antioch ✠ (Manjanikkara Dayara)	14 ♪8



ബോംബെ ഭദ്രാസന സുവർണ ജൂബിലി ആഘോഷ സമാപന പൊതു സമ്മേളനം പ. ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂൾ സ്ഥാപകൻ പുത്തൻ കാവിൽ ഗീവർഗീസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ സ്മരണാർഥം ഏർപ്പെടുത്തിയ രണ്ടാമത് മാർ പീലക്സീനോസ് അവാർഡ് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കു ജസ്റ്റിസ് ബെഞ്ചമിൻ കോശി സമ്മാനിച്ചു. അവാർഡ് തുകയായ 25000 രൂപ നിരാലംബരായ വിദ്യാർഥികളുടെ വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിക്കണമെന്ന് നിർദേശിച്ച് മെത്രാപ്പോലീത്താ തിരികെ ഏൽപ്പിച്ചു.



കുമരംകോട് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ 2026 ഫെബ്രുവരി 02 ഞായറാഴ്ച സുവർണ്ണ ജൂബിലി സമാപനവും പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനവും ഇടവക മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു. പൊതു സമ്മേളനത്തിൽ വച്ച് സുവർണ്ണ ജൂബിലി ഭവനത്തിന്റെ താക്കോൽദാനം നടത്തി.



കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിന്റെ നവതി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യാൻ എത്തിയ പരിശുദ്ധ കാതോലിക്കാ ബാവായേയും ആശ്രമ വിസിറ്റർ ബിഷപ്പ് ഗീവർഗീസ് മാർ കൂറിലോസിനെയും കോയമ്പത്തൂർ എയർപോർട്ടിൽ സ്വീകരിക്കുന്നു.



ബോംബെ ഭദ്രാസനം ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് പ. കാതോലിക്കാ ബാവാ ഫാ. ഡോ. കെ. എം. ജോർജിന് സമ്മാനിക്കുന്നു. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങിയ അവാർഡ് ഫെബ്രുവരി ഒന്നിന് നടന്ന ബോംബെ ഭദ്രാസന സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിലാണ് സമ്മാനിച്ചത്.



കോട്ടയം ബസേലിയസ് കോളജിന്റെ സ്വയംഭരണപദവി പ്രഖ്യാപന സമ്മേളനം എംജി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, റെജി സക്കറിയ, ജസ്റ്റിസ് വി. ജി. അരുൺ, ഡോ. സഖറിയാസ് മാർ അപ്രേം, ഡോ. എം. ഇ. കുര്യാക്കോസ്, വൈസ് പ്രിൻസിപ്പൽ ഡോ. പി. ജ്യോതിമോൾ എന്നിവർ സമീപം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1958)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

1958 ജനുവരി

28 ചൊവ്വ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

29 ബുധൻ. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. ഉച്ചനമസ്ക്കാരത്തോടുകൂടി വി. കുർബാന ആരംഭിച്ചു. അബ്രഹാം കത്തനാരും സംബന്ധിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. പരുമല സെമിനാരി മാനേജർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

30 വ്യാഴം. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

31 വെള്ളി. ഇന്ന് സുന്നഹദോസ് ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും, അത്താനാസ്യോസ് മെത്രാച്ചനും വന്നിരുന്നു. നമ്മുടെ അദ്ധ്യക്ഷതയിൽ 11 മണിയോടു കൂടി ദേവലോകം അരമനയിൽ വച്ച് കൂടി. കേസ്സിന്റെ ആവശ്യത്തിലേക്കുള്ള പണപ്പിരിവിന്റെ കാര്യത്തെപ്പറ്റി ആലോചിച്ചു. 4 മണിയോടുകൂടി പര്യവസാനിച്ചു. പഴയസെമിനാരി മാനേജരും സംബന്ധിച്ചു.

1958 ഫെബ്രുവരി

1958 ഫെബ്രുവരി 1 ശനി. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

2. ഞായർ. പട്ടക്കാരുടെ ഓർമ്മ, ദേവാലയ പ്രവേശനം. നാം വി. കുർബാന അർപ്പിച്ചു. കുർബാന കഴിഞ്ഞ് മല്പാൻ യോഹന്നാൻ കത്തനാർ പ്രസംഗിച്ചു. അനന്തരം ധൂപപ്രാർത്ഥന കഴിച്ചു. കാപ്പിമേശയും കഴിഞ്ഞ് ചിറത്തലയ്ക്കലെ ഒരു കല്യാണം വള്ളമലപള്ളിയിൽ വച്ചു നടത്തുന്നതിനായി പോയി. 12 മണിയോടു കൂടി കുന്നന്താനം പള്ളിയിൽ എത്തി. കല്ല്യാണത്തിൽ സംബന്ധിക്കുന്നതിനായി ഏലിയാസ്സ് കോർഎപ്പിസ്ക്കോപ്പായും പയ്യമ്പള്ളിൽ അബ്രഹാം കത്തനാരും വന്നിരുന്നു. അതിന്റെ ശേഷം നാം പുതുശ്ശേരി ഹൈസ്ക്കൂളിൽ പോകയും പുതുതായി പണികഴിപ്പിച്ച കെട്ടിടം കാണുകയും ചെയ്തു. ഉച്ചമേശ കഴിഞ്ഞ് നാം വിശ്രമിച്ചു. 5 മണിയോടു കൂടി അവിടെ നിന്നും തിരിച്ചു 6 1/4 നു ദേവലോകം അരമനയിൽ വന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

3 തിങ്കൾ. ബർസൗമായുടെ ഓർമ്മദിവസം ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. അബ്രഹാം കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

4. ചൊവ്വാ. നാം സുഖമായി താമസിച്ചു. ഈവാനിയോസ് മെത്രാച്ചൻ അഞ്ചൽ പള്ളി സംബന്ധമായ കാര്യങ്ങൾ തീർക്കുന്നതിനായി വന്നിരുന്നു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

5 ബുധൻ. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജരും, അബ്രഹാം കത്തനാരും കുണ്ടറ സെമിനാരി മാനേജർ യാക്കോബ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

6 വ്യാഴം. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു. സന്ധ്യാ നമസ്ക്കാരശേഷം നാം വിശ്രമിച്ചു.

7 വെള്ളി. നാം സുഖമായി താമസിച്ചു. പരുമല സെമിനാരി മാനേജരും



അബ്രഹാം കത്തനാരും വന്നിരുന്നു. യോഹന്നാൻ കത്തനാർ വന്നു നമ്മോടുകൂടി താമസിച്ചു.

8 ശനി. പാത്രിയർക്കീസ് മാർ സേവേറിയോസ്സിന്റെ ഓർമ്മയായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം വി. കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് മദ്ബഹായിൽ പുതുതായി പണികഴിച്ച ഭിത്തിഅലമാരി കൂദാശ ചെയ്തു. അതിന്റെ ശേഷം മൂറോൻ എടുത്ത് അതിൽ വച്ചു. കുർബാന കഴിഞ്ഞ് വിശ്രമിച്ചു. പഴയസെമിനാരി മാനേജരും ഗബ്രിയേൽ കത്തനാരും വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

9 ഞായർ. സകല മരിച്ചുപോയവരുടെയും ഓർമ്മയായിരുന്നു. നാം വി. കുർബാന അർപ്പിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. പത്തര മണിയോടുകൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു. അതിനുശേഷം കൊറ്റകുളത്തിൽ കുര്യന്റെ മകന്റെ വിവാഹം നാം നടത്തുകയുണ്ടായി. അനേകം പട്ടക്കാരും ശുശ്രൂഷയിൽ സംബന്ധിച്ചു. അതിനുശേഷം നാം വിശ്രമിച്ചു.

10 തിങ്കൾ. രാവിലെ കാപ്പിമേശ കഴിഞ്ഞ് നാം കുറിച്ചി പള്ളിയിലേയ്ക്കു പോയി. ചാക്കോച്ചന്റെ മകന്റെ വിവാഹം നടത്തുകയുണ്ടായി. ഉച്ചമേശയ്ക്കു ശേഷം നാം രണ്ടു മണിയോടു കൂടി ദേവലോകം അരമനയിൽ വന്നുചേർന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

11. ചൊവ്വ. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജരും മല്പാൻ യോഹന്നാൻ കത്തനാരും വന്നിരുന്നു. പീസ്‌ലീഗുകാരു[63] വന്ന് സമാധാനകാര്യം നമ്മെ അറിയിച്ചു. അബ്രഹാം കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

12 ബുധൻ. രാവിലെ കാപ്പിമേശയും കഴിഞ്ഞ് നാം കറ്റാണം പള്ളിയിലേക്കു പോയി. സന്ധ്യാനമസ്ക്കാരശേഷം ഇടവകക്കാരോട് നാം അല്പസമയം പ്രസംഗിച്ചു. അതിനുശേഷം റ്റി.ബി. യിൽ താമസിച്ചു. പരുമല സെമിനാരി മാനേജരും വന്നിരുന്നു. അബ്രഹാം കത്തനാർ നമ്മോടു കൂടി കറ്റാണത്തിൽ വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

13 വ്യാഴം. നാം കാപ്പിമേശയും കഴിഞ്ഞ് കറ്റാണത്തു നിന്നും പുതിയകാവ് പള്ളിയിൽ വന്ന് വിശ്രമിച്ചു. ഉച്ചമേശയും കഴിഞ്ഞ് പുതിയകാവ് പള്ളിയിൽ നിന്നും നാലു മണിയോടു കൂടി ദേവലോകം അരമനയിൽ വന്നു ചേർന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

14 വെള്ളി. നാലു മണിയോടു കൂടി എം.ഡി. സെമിനാരിയിൽ പോയി. മെത്രാച്ചനേയും ശെമ്മാശന്മാരേയും കാണുകയുണ്ടായി. അഞ്ചു മണിയോടുകൂടി ദേവലോകം അരമനയിൽ വന്നു. ഗബ്രിയേൽ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

15 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു.

16 ഞായർ. കൊത്തിനെ ഞായറാഴ്ച ആയിരുന്നു. നാം രാവിലെ പഴയ സെമിനാരിയിൽ പോകയും വി. കുർബാന അർപ്പിക്കയും ചെയ്തു. കുർബാന മദ്ധ്യേ നാം പ്രസംഗിച്ചു. സെമിനാരി മാനേജർ യാക്കോബ് കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാന കഴിഞ്ഞ് കാപ്പിമേശയ്ക്കു ശേഷം ദേവലോകം അരമനയിൽ വന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

17 തിങ്കൾ. ഉച്ചനമസ്ക്കാരത്തോടു കൂടി ശുബുക്കോനൊ ശുശ്രൂഷ നാം നടത്തുകയുണ്ടായി. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

18 ചൊവ്വ. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

19 ബുധൻ. പഴയസെമിനാരി മാനേജരും അബ്രഹാം കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

20 വ്യാഴം. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

21 വെള്ളി. നാം സുഖമായി താമസിച്ചു. 4 1/2 മണിയോടു കൂടി സ്റ്റാൻലി ജോൺ[64] നമ്മെ കാണുന്നതിനായി വന്നിരുന്നു. സഭാസമാധാന കാര്യങ്ങൾ ഏകദേശം അര മണിക്കൂറോളം പറകയുണ്ടായി. എം. വി. ജോർജ്ജ് കത്തനാരും വന്നിരുന്നു. 5 1/2 മണിയോടു കൂടി പോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ വന്നിരുന്നു. നമ്മോടു കൂടി താമസിക്കയും ചെയ്തു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

22 ശനി. നാം 4 1/2 മണിയോടു കൂടി പഴയസെമിനാരിയിൽ പോയി. സന്ധ്യാനമസ്ക്കാരവും മറ്റും കഴിഞ്ഞ് ദേവലോകത്ത് വന്ന് വിശ്രമിച്ചു. അത്താനാസിയോസ് മെത്രാച്ചനും യാക്കോബ് കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും ഗബ്രിയേൽ കത്തനാരും തിയോളജിക്കൽ സിമ്മനാരി വിദ്യാർത്ഥികളും മറ്റും സന്ധ്യാനമസ്ക്കാരത്തിൽ പങ്കുകൊണ്ടു.

23 ഞായർ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദീവന്നാസ്യോസ് മെത്രാച്ചന്റെ[65] ഓർമ്മ ദിവസമായിരുന്നു. വി. മൂന്നിന്മേൽ കുർബാനയുണ്ടായിരുന്നു. നമ്മെക്കൂടാതെ അത്താനാസിയോസ് മെത്രാച്ചനും യാക്കോബ് കത്തനാരും ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞ് അത്താനാസ്യോസ് മെത്രാച്ചൻ പ്രസംഗിക്കുകയും കബറിങ്കൽ പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയും തുടർന്ന് റാസ്സായും മറ്റ് ചടങ്ങുകളും ഉണ്ടായിരുന്നു. 11 മണിയോടു കൂടി പെരുന്നാൾ ചടങ്ങുകൾ അവസാനിച്ചു. 12 1/2 മണിയോടു കൂടി നാം ദേവലോകം അരമനയിൽ വന്നു വിശ്രമിച്ചു (ഗർബോ ഞായറാഴ്ചയും ആയിരുന്നു). പെരുനാളിൽ ധാരാളം ആളുകൾ സംബന്ധിച്ചു.

24 തിങ്കൾ. നാം സുഖമായി താമസിച്ചു.

25 ചൊവ്വാ. നാം സുഖമായി താമസിച്ചു.

26 ബുധൻ. 5 മണിയോടു കൂടി ബിഷപ്പ് ജേക്കബിന്റെ അനുശോചന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുന്നതിനായി പോയി. ഇതര സഭകളിലെ ബിഷപ്പന്മാർ സന്നിഹിതരായിരുന്നു. നാം ബിഷപ്പ് ജേക്കബിന്റെ ഗുണഗണങ്ങളെക്കുറിച്ച് അല്പസമയം പ്രസംഗിച്ചു. മീറ്റിംഗ് അവസാനിക്കുന്നതിനു മുമ്പ് നാം ദേവലോകത്തേക്ക് പോന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. അബ്രഹാം കത്തനാർ വന്നിരുന്നു.

27 വ്യാഴം. കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസ്യോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

28 വെള്ളി. നാം സുഖമായി താമസിച്ചു.

1958 മാർച്ച്

1 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

2 ഞായർ. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. മല്പാൻ കുർബാനമദ്ധ്യേ പ്രസംഗിച്ചു. 10 1/2 മണിയോടു കൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

3 തിങ്കൾ. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു.

4 ചൊവ്വ. അട്ടച്ചാക്കൽ ദാവിദ് കത്തനാരും കനകപ്പലം പള്ളി വികാരി തോമസ്സ കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

5 ബുധൻ. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. ഡോക്ടർ ചീരൻ വറുഗ്ഗീസ്[66] മരിച്ചു എന്ന കമ്പി സന്ദേശം കിട്ടി. അത്താനാസ്യോസ് മെത്രാച്ചൻ ശവം അടക്കാൻ പോയിരുന്നു.

6 വ്യാഴം. നാം സുഖമായി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

7 വെള്ളി. വൈദികസെമിനാരിയുടെ വാർഷിക മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി പോയി. നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. അത്താനാസ്യോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും, കൂറിലോസ് മെത്രാച്ചനും ഉണ്ടായിരുന്നു. മീറ്റിംഗിന് ശേഷം കാപ്പിസൽക്കാരവും ഫോട്ടോയും എടുത്തു. അതിന്റെ ശേഷം നാം ദേവലോകത്തു വന്നു വിശ്രമിച്ചു.

8 ശനി. മല്പാൻ യോഹന്നാൻ കത്തനാർ വന്നു വി. കുർബാന അർപ്പിച്ചു. നമ്മോടു കൂടി താമസിച്ചു.

9 ഞായർ. നോമ്പിന്റെ ശേഷം 4-ാം ഞായറാഴ്ച. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ കുർബാനയിൽ സംബന്ധിച്ചു. കുർബാന 10 1/2 മണിയോടു കൂടി കഴിഞ്ഞു.

10 തിങ്കൾ. കോട്ടയം ഭദ്രാസന മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി നാം ഏലിയാ ചാപ്പലിൽ പോയി. 10 1/2 മണിയോടു കൂടി ആരംഭിച്ചു. അനേകം വൈദികരും പള്ളിപ്രതിപുരുഷന്മാരും സംബന്ധിച്ചു. കേസിന്റെ പണപ്പിരിവ് സംബന്ധിച്ച് ആലോചിച്ചു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും സംബന്ധിച്ചു. ഉച്ചമേശയ്ക്കു ശേഷം ദേവലോകത്ത് വന്ന് വിശ്രമിച്ചു.

11 ചൊവ്വ. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് വിശ്രമിച്ചു.

12 ബുധൻ. പകുതി നോമ്പ് ദിവസമായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിക്കുകയും മറ്റ് ശുശ്രൂഷകൾ നടത്തുകയും ചെയ്തു. സന്ധ്യാ നമസ്ക്കാരശേഷം വിശ്രമിച്ചു. അബ്രഹാം കത്തനാർ വന്ന് നമ്മോടുകൂടി താമസിച്ചു.

13 വ്യാഴം. നിരണം ഭദ്രാസന മീറ്റിംഗ് ദിവസമായിരുന്നു. നാം രാവിലെ 7 1/2 മണിയോടു കൂടി ദേവലോകം അരമനയിൽ നിന്നും തിരിച്ചു. 8 1/4 മണിയോടു കൂടി തിരുവല്ല ബഥനി അരമനയിൽ വന്നുചേർന്നു. ലുത്തിനിയായ്ക്കു ശേഷം വിശ്രമിച്ചു. പത്തര മണിയോടു കൂടി അത്താനാസിയോസ് മെത്രാച്ചനും പഴയസെമിനാരി മാനേജരും യോഗത്തിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. പള്ളികളിൽ നിന്നും വികാരിയും പ്രതിപുരുഷന്മാരും യോഗത്തിൽ സംബന്ധിച്ചു. 12 1/2 മണിയോടു കൂടി യോഗം മംഗളമായി അവസാനിച്ചു. ഉച്ചനമസ്ക്കാരത്തിനു ശേഷം നാം വിശ്രമിച്ചു. മൂന്നര മണിയോടു കൂടി പീല

ക്സിനോസ് മെത്രാച്ചൻ തിരുവല്ലാ ബഥനി അരമനയിൽ നമ്മെ കാണുന്നതിനായി വന്നിരുന്നു. 4 1/2 മണിയോടു കൂടി മെത്രാച്ചനുമൊന്നിച്ച് നാം തുമ്പമൺ ഭദ്രാസന മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി മാക്കാംകുന്ന് പള്ളിയിലേക്കു പോരുന്നു. 5 1/2 മണിയോടു കൂടി വന്നു ചേർന്നു. തെങ്ങുംതറയിൽ ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ[67] വന്നിരുന്നു. സന്ധ്യാനമസ്ക്കാരം കഴിഞ്ഞ് മെത്രാച്ചൻ ദയറായിലേക്കു പോയി. നാം വിശ്രമിച്ചു.

14 വെള്ളി. രാവിലെ 10 മണിയോടു കൂടി തുമ്പമൺ ഭദ്രാസന യോഗം ആരംഭിച്ചു. പീലക്സിനോസ് മെത്രാച്ചനും സംബന്ധിച്ചു. പള്ളികളിൽ നിന്നു വികാരിമാരും പ്രതിപുരുഷന്മാരും വന്ന് യോഗത്തിൽ സംബന്ധിച്ചു. 12 1/2 മണിയോടു കൂടി യോഗം അവസാനിച്ചു. തെങ്ങുംതറയിൽ ഗീവറുഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം വിശ്രമിച്ചു.

15 ശനി. വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. തെങ്ങുംതറയിൽ ഗീവർഗീസ് കോർഎപ്പിസ്ക്കോപ്പായും കുർബാനയിൽ സംബന്ധിച്ചു. കാപ്പിമേശയ്ക്കുശേഷം നാം ബെയിസിൽ ദയറായിലേക്കു പോകയും മെത്രാച്ചനുമൊന്നിച്ച് കോളജിൽ പുതുതായി പണിയുന്ന കെട്ടിടവും മറ്റും കാണുകയുണ്ടായി. സന്ധ്യാ നമസ്ക്കാരശേഷം വിശ്രമിച്ചു.

16 ഞായർ. നോമ്പിനു ശേഷം 5–ാം ഞായർ (ക്പ്ര്തോ) നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. 11 മണിയോടു കൂടി കുർബാന കഴിഞ്ഞു നാം വിശ്രമിച്ചു. തെങ്ങുംതറയിൽ ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ കുർബാനയിൽ സംബന്ധിച്ചു. 2 മണിയോടുകൂടി നാം മാക്കാംകുന്ന് പള്ളിയിൽ നിന്നും കുണ്ടറ സിമ്മനാരിയിലേക്കു തിരിച്ചു. 4 മണിയോടു കൂടി വന്നു ചേർന്നു. സെമിനാരി മാനേജർ യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

17 തിങ്കൾ. നാം സുഖമായി താമസിച്ചു. സെമിനാരി മാനേജരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

18 ചൊവ്വ. കൊല്ലം ഭദ്രാസന മീറ്റിംഗ് കോട്ടപ്പുറത്ത് വച്ചായിരുന്നു. അതിൽ സംബന്ധിക്കുന്നതിനായി നാം രാവിലെ പോയി. കൂറിലോസ് മെത്രാച്ചനും പള്ളികളിൽ നിന്ന് വികാരിമാരും പ്രതിപുരുഷന്മാരും സംബന്ധിച്ചു. 4 മണിയോടു കൂടി നാം കുണ്ടറ സെമിനാരിയിലേക്കു പോന്നു. യാക്കോബ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

19 ബുധൻ. രാവിലെ കാപ്പിമേശ കഴിഞ്ഞ് ഒമ്പതര മണിയോടു കൂടി ദേവലോകം അരമനയിലേക്ക് തിരിച്ചു. പതിനൊന്നര മണിയോടു കൂടി വന്നു ചേർന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

20 വ്യാഴം. അബ്രഹാം കത്തനാരും ഏലിയാസ് തോമസ്സ് കോർഎപ്പിസ്ക്കോപ്പായും പരുമല സെമിനാരി മാനേജർ മാത്യൂസ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്ക്കാരശേഷം വിശ്രമിച്ചു.

21 വെള്ളി. നാം സുഖമായി താമസിച്ചു. പീലക്സിനോസ് മെത്രാച്ചൻ കുന്നക്കുരുടിയിൽ പോകുന്നതിനായി ഇവിടെ വന്ന് നമ്മെ കാണുകയുണ്ടായി. അത്താനാസിയോസ് മെത്രാച്ചൻ മലയായിൽ പോകുന്ന കാര്യം നമ്മെ അറിയിക്കുന്നതിനായി വന്നിരുന്നു. പഴയസെമിനാരി മാനേജരും അബ്രഹാം കത്തനാരും വന്നിരുന്നു. മല്പാൻ നമ്മോടുകൂടി താമസിച്ചു.

22 ശനി. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബാന അർപ്പിച്ചു. നാം കുർബാനയിൽ സംബന്ധിച്ചു. ഉച്ചമേശ കഴിഞ്ഞ് 3 1/2 മണിയോടു കൂടി നാം മൂവാറ്റുപുഴ തീമോത്തിയോസ് മെത്രാച്ചന്റെ അരമനയിൽ എത്തി. മെത്രാച്ചൻ നമ്മോടുകൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

23 ഞായർ. 36–ാം ഞായറാഴ്ച ആയിരുന്നു. നാം മൂവാറ്റുപുഴ നിന്നും കുന്നക്കുരുടിയിൽ കൺവൻഷൻ പന്തലിൽ അലങ്കരിച്ച മദ്ബഹായിൽ വി. കുർബാന ചൊല്ലുകയും കുർബാനമദ്ധ്യേ നാം പ്രസംഗിക്കുകയും ചെയ്തു. കുർബാന കഴിഞ്ഞ് കാപ്പിമേശയ്ക്കു ശേഷം മെത്രാച്ചനുമൊന്നിച്ചു മാടപ്പറമ്പിലെ വീടു കൂദാശ നടത്തുന്നതിനായി പോയി. കൂദാശയ്ക്കു ശേഷം വീണ്ടും പന്തലിൽ വച്ച് കാതോലിക്കാദിനം സംബന്ധിച്ച് യോഗം തുടങ്ങുകയും മെത്രാച്ചനും, ശമുവേൽ ശെമ്മാശ്ശനും മറ്റും പ്രസംഗിക്കുകയും ചെയ്തു. കോട്ടയത്തു നിന്നും പല പ്രമുഖ വ്യക്തികളും മറ്റ് അനേകം ആളുകളും യോഗത്തിൽ പങ്കുകൊണ്ടതിനു ശേഷം 6 മണിയോടു കൂടി അവിടെ നിന്നും കോട്ടയത്തിനു പോരുന്നു. 8 1/4 മണിയോടു കൂടി വന്നു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

23 ഞായർ. 36–ാം ഞായറാഴ്ച ആയിരുന്നു. നാം മൂവാറ്റുപുഴ നിന്നും കുന്നക്കുരുടിയിൽ കൺവൻഷൻ പന്തലിൽ അലങ്കരിച്ച മദ്ബഹായിൽ വി. കുർബാന ചൊല്ലുകയും കുർബാനമദ്ധ്യേ നാം പ്രസംഗിക്കുകയും ചെയ്തു.

24 തിങ്കൾ. നാം സുഖമായി താമസിച്ചു. പട്ടം ഏല്ക്കുന്നതിനായി ചെങ്ങന്നൂർക്കാരൻ ഈപ്പൻ ശെമ്മാശ്ശനും ഡിസ്സൂസ്സായും, കൈപ്പട്ടൂക്കാരൻ ക്ലേറിയും വന്നു. മല്പാനും നമ്മോടു കൂടി താമസിച്ചു.

25 ചൊവ്വ. ദൈവമാതാവിന്റെ വചനപ്പിന്റെ പെരുന്നാൾ[68] ആയിരുന്നു. നാം വി. കുർബാന അർപ്പിക്കയും കണമൂട്ടിൽ ഈപ്പൻ ശെമ്മാശ്ശനും, കൈപ്പട്ടൂക്കാരൻ ക്ലേറി മത്തായിക്ക് പൂർണ്ണശെമ്മാശ്ശുപട്ടവും ഇഗ്നീഷ്യസ് ഡിസൂസായ്ക്ക് യൗപ്പദിയക്കിനൊ പട്ടവും കൊടുക്കുകയുണ്ടായി. മല്പാൻ യോഹന്നാൻ കത്തനാർ പട്ടംകൊടയിൽ സംബന്ധിച്ചു. 11 മണിയോടുകൂടി കുർബാന കഴിഞ്ഞ് നാം വിശ്രമിച്ചു. അബ്രഹാം കത്തനാർ വന്നിരുന്നു.

26 ബുധൻ. നാം സുഖമായി താമസിച്ചു.

27 വ്യാഴം. പീലക്സിനോസ് മെത്രാച്ചനും തുമ്പോൺകാരൻ എത്തിയോപ്പ്യയിൽ എ.ഡി.സി. യായി പോയിരുന്ന മത്തായിയും കൂടി നമ്മെ കാണുന്നതിനായി വന്നിരുന്നു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

28 വെള്ളി. ഉച്ചമേശ കഴിഞ്ഞ് 2 മണിയോടുകൂടി നാം ദേവലോകത്തു നിന്നും തിരുവല്ലാ ബഥനി അരമനയിൽ വന്നു താമസിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ അരമനയിൽ ഉണ്ടായിരുന്നു. മെത്രാച്ചനും ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പായും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാര ശേഷം നാം വിശ്രമിച്ചു.

29 ശനി. ലാസറിനെ ഉയിർപ്പിച്ച ദിവസമായിരുന്നു. ഏലിയാസ് തോമസ് കോർഎപ്പിസ്ക്കോപ്പാ വി. കുർബാന ചൊല്ലി. നാം കുർബാനയിൽ സംബന്ധിച്ചു. മെത്രാച്ചനും സംബന്ധിച്ചു. കാപ്പിമേശ കഴിഞ്ഞ് നാം പരുമല സെമിനാരിയിലേക്കു പോന്നു. 11 മണിയോടു കൂടി പരുമല വന്നു ചേർന്നു. മാനേജർ കെ. ബി. മാത്യൂസ് കത്തനാർ നമ്മോടുകൂടി താമസിച്ചു.

30 ഞായർ. ഊശാന ഞായറാഴ്ച[69] ആയിരുന്നു. 7 മണിയോടു കൂടി നമസ്ക്കാരം ആരംഭിച്ചു. നാം വി. കുർബാന അർപ്പിച്ചു. കുർബാനമദ്ധ്യേ നാം പ്രസംഗിച്ചു. ഊശാന ഞായറാഴ്ചയുടെ ശുശ്രൂഷ ആരംഭിച്ചു. 11 1/2 മണിയോടു കൂടി ശുശ്രൂഷ കഴിഞ്ഞ് നാം വിശ്രമിച്ചു. മാനേജർ നമ്മോടുകൂടി ഉണ്ടായിരുന്നു.

31 തിങ്കൾ. നാം സുഖമായി താമസിച്ചു. കപ്ലാശ്ശേരിൽ ഈപ്പൻ കത്തനാർ വന്നിരുന്നു. മാനേജർ മാത്യൂസ് കത്തനാരും കളത്ര യാക്കോബ് കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്ക്കാരശേഷം നാം വിശ്രമിച്ചു.

1958 ഏപ്രിൽ

1958 ഏപ്രിൽ 1 ചൊവ്വ. നാം സുഖമായി താമസിച്ചു. മാനേജർ മാത്യൂസ് കത്തനാരും, കളത്ര യാക്കോബ് കത്തനാരും നമ്മോടുകൂടി താമസിച്ചു. പള്ളിവാതുക്കൽ അലക്സാണ്ടർ കത്തനാർ നമ്മെ കാണുന്നതിനായി വന്നിരുന്നു.

2 ബുധൻ. നാം സുഖമായി താമസിച്ചു. മാനേജർ മാത്യൂസ് കത്തനാർ നമ്മോടു കൂടി താമസിച്ചു.

3 വ്യാഴം. പെസഹാ ദിവസം[70] ആയിരുന്നു. രാത്രി 3 മണിയോടു കൂടി നമസ്ക്കാരം ആരംഭിച്ചു. 7 മണിയോടുകൂടി അവസാനിച്ചു. കെ. ബി. മാത്യൂസ് കത്തനാർ വി. കുർബാന എല്ലാവർക്കും കൊടുത്തു. ഉച്ചമേശ കഴിഞ്ഞ ശേഷം 2 മണിയോടുകൂടി കാലുകഴുകൽ ശുശ്രൂഷ[71] ആരംഭിച്ചു. ശമുവേൽ ശെമ്മാശ്ശൻ പ്രസംഗിച്ചു. കെ. ബി. മാത്യൂസ് കത്തനാരും കളത്ര യാക്കോബ് കത്തനാരും പുത്തങ്കാവു പള്ളി വികാരി .... കത്തനാരും ശുശ്രൂഷയിൽ ആദ്യാവസാനം ഉണ്ടായിരുന്നു. 4 മണിയോടു കൂടി എല്ലാം കഴിഞ്ഞു. യാക്കോബ് കത്തനാരും മാനേജരും നമ്മോടുകൂടി താമസിച്ചു.


(തുടരും)

സ്ലീബായാൽ രൂപപ്പെട്ട സാക്ഷാൽ സ്ലീബാദാസൻ: പത്രോസ് മാർ ഒസ്താത്തിയോസ്

സഖറിയാ പെരുമ്പടവം

കേരളചരിത്രം പഠിക്കുമ്പോൾ ഇന്നാട്ടിലെ ജാതിവ്യവസ്ഥയുടെ തീവ്രതയും അതിന്റെ പരിണിതഫലങ്ങളും ഇന്ന് ചിന്തിക്കുമ്പോൾ തലകുനിഞ്ഞുപോകുന്ന രീതിയിൽ ഭീകരമായിരുന്നു. വ്യത്യസ്ഥങ്ങലായ ജാതി വർഗ്ഗ വർണ്ണ വ്യത്യാസങ്ങളിൽ അകപ്പെട്ട് ജീവിതം എന്തെന്ന് പോലും തിരിച്ചറിയാനാവാത്ത അനേകം ആത്മാക്കളുടെ നെടുവീർപ്പും വേദനയും ഉറക്കം കെടുത്തുന്നതായി മാറിയപ്പോഴാണ് പലരും അവർക്ക് വേണ്ടി ശബ്ദിക്കുവാനും പ്രവർത്തിക്കുവാനും ആരംഭിച്ചത്. ഇന്ന് കാണുന്ന *പ്യൂരിറ്റി ഇല്ലാത്ത ചാരിറ്റിയായിരുന്നില്ല* അതെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ വേലിക്കെട്ടുകൾ പൂർണ്ണമായി മാറ്റപ്പെട്ടു എന്ന് അവകാശപ്പെടുവാൻ സാധ്യമല്ലെങ്കിലും കേരളത്തിലെ അതിന്റെ തീവ്രതയ്ക്ക് കുറേയൊക്കെ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട് എന്നത് സത്യമാണ്. അതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ചവർ അനേകരുമാണ്, അവർ നേരിട്ട പ്രതിസന്ധികളും ചെറുതല്ല.

ചാതുർവർണ്ണ്യ വേലിക്കെട്ടുകളാൽ വളയപ്പെട്ടിരുന്ന കേരളസമൂഹത്തിലേക്ക് മലങ്കരസഭയിൽ നിന്നും *ആദ്യമായി മിഷൻ പ്രവർത്തനവുമായി മുന്നോട്ടിറങ്ങുന്നത് പരിശുദ്ധ പരുമല തിരുമേനിയാണ്*. സമൂഹത്തിൽ അധഃകൃതരെന്നും നിരാലംബരെന്നും ലോകം ഗണിച്ചിരുന്നവർക്ക് ആശ്രയവും അഭയവുമായി വിജാതീയ മിഷൻ എന്ന പേരിൽ നവോത്ഥാനപ്രസ്ഥാനം സ്ഥാപിച്ച് തിരുമേനി ആ ദൗത്യത്തിനുവേണ്ടി അക്ഷീണം പോരാടി. പക്ഷേ അതുകൊണ്ടൊന്നും ജാതി വ്യവസ്ഥയും അടിച്ചമർത്തലുകളും ലവലേശം ശമിച്ചില്ല. അധഃകൃതോദ്ധാരണം ലക്ഷ്യമാക്കി വർഷങ്ങൾക്ക് ശേഷം *1924 സ്ലീബാപ്പെരുന്നാൾ (സെപ്റ്റംബർ 14)* ദിവസം മൂക്കഞ്ചേരിൽ എം. പി. പത്രോസ് ശെമ്മാശൻ ആരംഭിച്ചതാണ് *അബ്ദേദ് സ്ലീബോ* അഥവാ *സ്ലീബാദാസ സമൂഹം*. വിജാതീയമിഷൻ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കുന്ന ഈ സമൂഹത്തെക്കുറിച്ച് അതിന്റെ സ്ഥാപകൻ ഇപ്രകാരം എഴുതിയിരിക്കുന്നു:*''ക്രിസ്തുമാർഗ്ഗം സ്വീകരിക്കുന്ന താഴ്ന്ന വർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും ആദ്ധ്യാത്മികവുമായ ഉന്നമനമാണ് സമൂഹത്തിന്റെ ലക്ഷ്യം.''*



1. ജീവിതവഴി

തൃപ്പൂണിത്തുറയിലെ മൂക്കഞ്ചേരി തറവാട്ടിൽ *1886 ജൂൺ 20*-നാണ് കൊച്ചുപിള്ള എന്ന എം. പി. പീറ്റർ ജനിക്കുന്നത്. മെട്രിക്കുലേഷൻ പരീക്ഷയിൽ റാങ്കോടുകൂടി ജയിച്ചു. എറണാകുളം മഹാരാജാസ് കോളജ്, തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ്സ് കോളജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എ. ബിരുദം നേടി. തിരുവനന്തപുരം ട്രെയിനിംഗ് കോളജിൽനിന്ന് എൽ.റ്റി.യും, സെറാമ്പൂർ കോളജിൽനിന്ന് ബി.ഡി. യും കരസ്ഥമാക്കി. *1906*-ൽ മദ്ബഹായിൽ ശുശ്രൂഷകനായി പ്രവേശിച്ചു. യൂയാക്കിം മാർ ഈവാനിയോസിൽ നിന്ന് പ. വട്ടശ്ശേരിൽ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ *1916 ജൂൺ 4*-ന് ശെമ്മാശപട്ടവും, 1926 മേടം 22-ന് സ്ലീബാ മാർ ഒസ്താത്തിയോസിൽ നിന്ന് കശ്ശീശാപട്ടവും, *1943*-ൽ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായിൽ നിന്ന് റമ്പാൻ സ്ഥാനവും, *1953 മെയ് 15* ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് എപ്പിസ്കോപ്പാസ്ഥാനവും സ്വീകരിച്ചു. *1959 ജൂലൈ 12* -ന് മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്തു. തുടർന്ന് മലബാർ ഭദ്രാസനാധിപനായി. മലങ്കരസഭയുടെ മിഷനറി ബിഷപ്പായി സേവനം തുടർന്നു. ഒന്നിലധികം പ്രാവശ്യം ഭാരതപര്യടനം നടത്തുകയും വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. അവർണ്ണജാതിക്കാരുടെ ഉന്നമനത്തിനായി കൊച്ചി സർക്കാർ നിയമിച്ച സ്പെഷ്യൽ ഓഫീസറായിരുന്നു. അവർണ്ണരിൽനിന്ന് 25000-ത്തിലധികം പേരെ വിശ്വാസം പഠിപ്പിച്ച് ഓർത്തഡോക്സ് സഭയിലേക്കു ചേർത്തു. ആരാധന മാതൃഭാഷയിലാക്കണമെന്ന ലക്ഷ്യത്തോടെ കുർബ്ബാന തക്സാ, കഷ്ടാനുഭവ ആഴ്ചയിലെ പ്രൊമിയോൻ, കൂദാശാക്രമങ്ങൾ എന്നിവ പരിഭാഷപ്പെടുത്തിക്കിട്ടുവാൻ മുൻകൈ എടുക്കുകയും, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. 1907 ൽ Young Men's Syrian Association of Jacobite Students, 1909 ൽ സിറിയൻ ബ്രദർഹുഡ്, പുലയർക്കായി കടുംഗമംഗലത്ത് ആദ്യമായി സ്കൂൾ, 1919-ൽ 'മെമ്മോറിയൽ' എന്നീ പ്രസ്ഥാനങ്ങൾ സ്ഥാപിച്ചു. *1968 ഫെബ്രുവരി 2-ാം* തീയതി മായൽത്തോ പെരുന്നാൾ ദിവസം 82-ാം വയസ്സിൽ കാലം ചെയ്തു. ഫെബ്രുവരി 3 ന് മുളന്തുരുത്തി കർമ്മേൽ ദയറായിലെ കുര്യാക്കോസ് സഹദാ ചാപ്പലിന്റെ വടക്കുവശത്തായി കബറടക്കി.

2. ജീവിതയാത്രയും ദൈവവിളിയും

മാർ ഒസ്താത്തിയോസ് എന്ന മഹാനായ മിഷനറിവീരന്റെ ജീവിതയാത്ര തികച്ചും വ്യത്യസ്ഥവും സംഭവബഹുലവുമായിരുന്നു എന്നതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. പഴയ കൊച്ചിയുടെ രാജകീയ തലസ്ഥാനമായ തൃപ്പൂണിത്തുറ കിഴക്കേ അങ്ങാടിയിലെ ഒരു പുരാതനസുറിയാനി ക്രൈസ്തവ ഭവനമായ മൂക്കഞ്ചേരി തറവാട്ടിൽ ചെറിയാൻ പുരവത്തിന്റെയും കുളിയാട്ടിൽ കുഞ്ഞാമ്മ മറിയത്തിന്റെയും ഒമ്പതാമത്തെയും ഒടുവിലത്തെയും പുത്രനായി തിരുമേനി ജനിച്ചു. ഏറ്റവും ഇളയമകനായതുകൊണ്ട് കുടുംബത്തിലെ പ്രത്യേക ലാളനയും വാത്സല്യവും ഈ കുട്ടിക്കു നിർലോഭം ലഭിച്ചിരുന്നു. *"കൊച്ചുപിള്ള"* എന്ന ഓമനപേരിലാണ് ഈ ബാലനെ എല്ലാവരും വിളിച്ചുവന്നത്. ചെറുപ്പത്തിൽ പഠിക്കുവാൻ മടി കാണിച്ച ഒരു ബാലനെ കഴുത്തിൽ ഒരു മരത്തടി കെട്ടിയിട്ടു സ്വപിതാവ് അടിക്കുന്ന കാഴ്ചയെക്കുറിച്ച് ശ്രീ പി.പി വർക്കി ജീവചരിത്രത്തിൽ സവിസ്തരം എഴുതുന്നുണ്ട്. ആ ബാലനാണ് പത്രോസ് മാർ ഒസ്താത്തിയോസ് എന്ന മഹാനായ മിഷണറിവീരനായി അനേകരെ നേടിയത്.

അക്കാലത്തെ നാട്ടുനടപ്പനുസരിച്ച് നിലത്തെഴുത്തും മറ്റും വശമാക്കിയ ശേഷം തൃപ്പൂണിത്തുറ ആംഗ്ലോ വെർണാക്കുലർ സ്കൂളിൽ ചേർക്കുകയും ചെയ്തു. കളരിയിൽ പോകാൻ മടി കാണിച്ച് കഴുത്തിൽ മുട്ടി കെട്ടിയിട്ട് അടി കൊണ്ട കൊച്ചുപിള്ള ഒരു തീരുമാനം ചെയ്തു; ഉത്സാഹിച്ചു പഠിക്കുമെന്ന്. തൽഫലമായി ഏ. വി. സ്കൂൾ 4-ാം ഫാറത്തിൽ ഒന്നാമനായി ജയിക്കുകയും ഷേക്സ്പിയർ കൃതികൾ സമ്മാനമായി വാങ്ങുകയും ചെയ്തു. എറണാകുളം മഹാരാജാസ് ഹൈസ്ക്കൂളിൽ നിന്ന് അഞ്ചാം ഫോറത്തിൽ ഒന്നാമനായി ജയിച്ച് രാജർഷി ആയ രാമവർമ്മ മഹാരാജാവിന്റെ കൈകളിൽനിന്ന് ഒരു കെട്ടു പുസ്തകങ്ങൾ സമ്മാനമായി വാങ്ങി തന്റെ കഴിവു തെളിയിച്ചു. കൊച്ചുപിള്ളയുടെ കഴുത്തിലെ മരത്തടി മരക്കുരിശായി പരിണമിച്ചത് കാലകാവ്യമാണ്. ആദ്യവർഷം തന്നെ മെട്രിക്കുലേഷൻ റാങ്കോടുകൂടി പാസ്സാകുകയും തുടർന്നു മഹാരാജാസ് കോളേജിൽ എഫ്. എ. യ്ക്കു പഠിക്കുകയും ചെയ്തു. ബി. എ. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ പൂർത്തിയാക്കി. എൽ. ടി. തിരുവനന്തപുരത്തു നിന്നും പാസ്സായി. ട്രെയിനിങ്ങ് കോളേജിലെ അദ്ധ്യാപകനായിരുന്ന പരേതനായ ശ്രീ. ഒ. എം. ചെറിയാൻ തിരുമേനിയെ വളരെ ആകർഷിച്ച ഒരു വ്യക്തിയായിരുന്നു. ബിരുദങ്ങൾ നേടിയശേഷം തൃപ്പൂണിത്തുറ, ഞാറയ്ക്കൽ എന്നീ ഹൈസ്ക്കൂളുകളിൽ എം. പി. പീറ്റർ ജോലി നോക്കി. ഞാറയ്ക്കൽ നിന്നു പ്രൊമോഷനോടുകൂടിയാണ് എറണാകുളം മഹാരാജാസ് ഹൈസ്ക്കൂളിലേക്കു സ്ഥലംമാറ്റം കിട്ടിയത്. ജോലി ചെയ്തിരുന്ന എല്ലാ സ്ഥലങ്ങളിലും പീറ്റർ സ്വവ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. തീണ്ടലും തൊടീലും സവർണ്ണ-അവർണ്ണ ഭേദങ്ങളും മൂർദ്ധന്യാവസ്ഥയിൽ ആയിരുന്ന അക്കാലത്തും ഞാറയ്ക്കൽ ഹൈസ്ക്കൂളിലെ സൂട്ടു ധരിച്ച പീറ്റർ മാസ്റ്റർ ചില പുലയക്കുട്ടികളോടുകൂടി നിൽക്കുന്ന പഴയ ഫോട്ടോ ഇന്നും ചരിത്രത്തിന്റെ ചില വിസ്മയങ്ങളാണ് എന്ന് പറയാതിരിക്കാൻ സാധ്യമല്ല.

കോട്ടയം പഴയസെമ്മിനാരിയിൽവച്ച് പാത്രിയാർക്കീസു ബാവായ്ക്കു മലങ്കരയിലുള്ള ലൗകീകാധികാരത്തെപ്പറ്റിയുള്ള ചിന്തകളും തർക്കങ്ങളും കൊടുപിരികൊള്ളുമ്പോൾ "മലങ്കരസഭയിൽ പാത്രിയാർക്കീസു ബാവായ്ക്ക് ലൗകീകാധികാരം കൊടുക്കുവാൻ പാടില്ല." എന്ന ഉറച്ച ശബ്ദം തിരുമേനിയുടെ ജ്യേഷ്ഠൻ ശ്രീ. എം. പി. വർക്കിയുടെതായിരുന്നു. അദ്ദേഹം പഴയ കൊച്ചി സംസ്ഥാനത്തെ ഒരു സീനിയർ എക്സൈസ് ഇൻസ്പെക്ടറും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, പ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നീ തിരുമേനിമാരുടെ ജീവചരിത്രം രചയിതാവുമായിരുന്നു. സഭാന്തരീക്ഷം കക്ഷിമത്സരക്കാർ മേഘാവൃതമായിരുന്ന കാലത്ത് *"ജാത്യാഭിമാനി"* വഴി തനിക്കു ശരിയെന്നു തോന്നിയ കാര്യങ്ങൾക്കുവേണ്ടി ശക്തമായ സമരംതന്നെ ശ്രീ. വർക്കി നടത്തിയിരുന്നു. തിരുമേനിയുടെ വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അവസാനം വരെ അക്കാര്യത്തിൽ സഹായിക്കുകയും ചെയ്തുവന്നത് ഈ സഹോദരനായിരുന്നു. തന്റെ കൊച്ചനുജൻ ഒരു വൈദീകനാകുന്നതിനേക്കാൾ ഒരുയർന്ന ഗവൺമെന്റുദ്യോഗസ്ഥനായി കാണുവാനാണ് അദ്ദേഹം ആഗ്രഹിച്ചത്. എന്നാൽ തിരുമേനി ദൈവത്താൽ വിളിക്കപ്പെട്ടിരുന്നതുകൊണ്ട് പ്രിയപ്പെട്ട ജ്യേഷ്ഠന്റെ പ്രതീക്ഷകളും പ്രേരണകളും സഫലമായില്ല. അനുജന്റെ ഈ തിരിവ് ജ്യേഷ്ഠന് തീരെ ഇഷ്ടമായില്ലെങ്കിലും സുപ്രസിദ്ധനായിരുന്ന ശ്രീ. എം. പി. വർക്കിക്ക് അന്ത്യംവരെ ഈ കൊച്ചനുജനോട് അതിരറ്റ വാത്സല്യവും സ്നേഹവുമുണ്ടായിരുന്നു. തിരുമേനിയെക്കാൾ രണ്ടു വയസ്സുപ്രായം കൂടുതലുള്ള സഹോദരി ആയിരുന്നു ബഥനിമഠത്തിലെ സിസ്റ്റർ ശൈന. തിരുമേനിയുടെ മറ്റൊരു സഹോദരൻ ശ്രീ. കുഞ്ഞിപ്പൈലി നാട്ടിലെ ഒരു പൊതുകാര്യപ്രവർത്തകനായിരുന്നു. തിരുമേനിയുടെ പിതൃസഹോദരൻ ഭാഗ്യസ്മരണാർഹനായ മൂക്കഞ്ചേരിയിൽ ഗീവറുഗീസ് റമ്പാൻ മാർ പത്രോസ് പാത്രിയാർക്കീസ് ബാവായാൽ റമ്പാൻ സ്ഥാനം ഏറ്റ പലരിൽ ഒരാളായിരുന്നു.

എം. പി. പീറ്റർ തന്റെ വിശ്വസ്തനായ വേലക്കാരൻ ചാണ്ടിയുമൊന്നിച്ച് താമസിച്ചുകൊണ്ട് എഫ്. എ. ക്ലാസിൽ എറണാകുളം കോളേജിൽ പഠിക്കുമ്പോഴാണ് സിറിയൻ വിദ്യാർത്ഥിസംഘത്തിന്റെ പ്രഥമസമ്മേളനം ബാലികമഠത്തിൽവച്ച് നടന്നത്. "*1908-ൽ എം. ഡി. സിമ്മനാരിയിൽവച്ച് നടന്ന കോൺഫറൻസിൽ ഫാദർ ഹോംസിന്റെ ദൈവവിളിയെപ്പറ്റിയുള്ള പ്രസംഗം അയോഗ്യനായ എന്നെ മിശിഹായുടെ ഒരു നിത്യപുരോഹിതനാക്കിത്തീർത്തു"* എന്നു പിന്നീട് തിരുമേനി എഴുതിയിട്ടുണ്ട്. എറണാകുളത്തെ ഒരു ചെറിയ മുറിയിൽ യുവാവായ കൊച്ചുപിള്ള രാത്രികളെ പകലാക്കി തന്റെ ഉറക്കം കെടുത്തുന്ന ആശയതർക്കങ്ങളും ചിന്താഭാരവുമായി അലയുന്ന കാലമാണ് അത്. തികച്ചും മൗനമുദ്രിതനായി ആ രാത്രിയിൽ കൊച്ചുപിള്ള കാണപ്പെട്ടു. ഉറക്കമെന്തെന്നറിയാതെ വേദപുസ്തകവായനയും പ്രാർത്ഥനയും, പ്രാർത്ഥനയും വേദപുസ്തകവായനയും അങ്ങനെ രാത്രിയുടെ യാമങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. കിടക്കും, എഴുന്നേൽക്കും, പിന്നെ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കും; ഇരിക്കും കിടക്കും. അതേ ഭയങ്കരമായ മാനസികപോരാട്ടത്തിന്നധീനനായി ആ യുവാവ് വേദനയനുഭവിക്കയായിരുന്നു. നേരം പുലർന്നപ്പോൾ ചാണ്ടിയെ പറഞ്ഞുവിട്ട് പീറ്റർ യാത്ര തിരിച്ചു പരുമലയിലേക്ക്. ശ്രീ. എം.പി വർക്കി പരുമലയിൽ താമസിച്ചിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിക്ക് പീറ്ററിനെ മനസ്സിലാക്കിയിരുന്നതുകൊണ്ട് *"പീറ്ററിനു പട്ടം കൊടുക്കരുത്"* എന്നു കമ്പിയടിച്ചു. പക്ഷേ സമയം വൈകിപ്പോയിരുന്നു. *ഫാദർ പി. റ്റി. ഗീവറുഗീസിന്റെ സഹകരണത്തോടുകൂടി കണ്ടനാട്ടേ മാർ ഈവാനിയോസ് തിരുമേനി എം. പി. പീറ്ററിനു ശെമ്മാശുപട്ടം കൊടുത്തു.* പട്ടംകൊട കഴിഞ്ഞു പുറത്തിറങ്ങിയപ്പോളാണ് ആ കമ്പി അവിടെ കിട്ടിയത്. അങ്ങനെ ആ ഉറങ്ങാത്ത രാത്രി ഒരു ഉത്തമനായ പുരോഹിതനെ ഗർഭംധരിക്കുകയായിരുന്നു.



സ്ലീബാദാസസമൂഹം സ്ഥാപിക്കുന്നതിന് വളരെ മുമ്പുതന്നെ തിരുമേനി അധഃകൃതോന്നമനാർത്ഥം പലതും പ്രവർത്തിച്ചുകൊണ്ടിരുന്നു. **ഹൈസ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോഴും അവധിക്കാലങ്ങളിൽ തൃപ്പൂണിത്തുറയുള്ള സ്വഭവനത്തിന്റെ പരിസരങ്ങളിൽ താമസിച്ചുവന്ന താണവർഗ്ഗക്കാരുടെ കുടിലുകൾ സന്ദർശിക്കുക പതിവായിരുന്നു. അധഃസ്ഥിതരെ ഉയർത്തുക, അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുക, അതിനായി ആരോടും മുഖം നോക്കാതെ സംസാരിക്കുക, ആവശ്യമായി വന്നാൽ ഏതുയർന്ന പദവിയിലിരിക്കുന്നവരുടെയും പ്രീതിയോ, അപ്രീതിയോ കണക്കിലെടുക്കാതെ മുന്നോട്ടു നീങ്ങുക- ഇതിനൊന്നിനും തിരുമേനിയ്ക്ക് യാതൊരു മടിയില്ലായിരുന്നു. ഒരു സമ്മേളനത്തിൽ "യേശു തമ്പുരാൻ ഈ സഭയിലേക്കെഴുന്നെള്ളിയാൽ ഈ അനീതിക്കെതിരായി ചുവപ്പു കുപ്പായത്തിന്റെ പുറത്തടി വീഴുന്നതു കാണാം"** എന്നു എം. പി. പത്രോസ് ശെമ്മാശൻ പ്രസംഗിച്ചു. ഈ പ്രസ്താവന കുറച്ചുകാലം വലിയ കോളിളക്കങ്ങൾ സൃഷ്ടിക്കതന്നെ ചെയ്തു.

ശെമ്മാശ പട്ടമേറ്റശേഷം സെറാമ്പൂരിൽ മൂന്നുവർഷം ബി.ഡി. ക്കു പഠിച്ചു. പിന്നീട് *മദനപ്പിള്ളി ഹോപ്പ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി* സേവനം അനുഷ്ഠിച്ചു. അവിടെയും തിരുമേനി ഒരു മാതൃകാദ്ധ്യാപകനായിരുന്നു. മദനപ്പിള്ളിയിലെ ജോലിക്കാലത്തു കിട്ടിയ ശമ്പളം മുഴുവനും തന്നെ തന്റെ ഭാവി പദ്ധതികൾക്കായി ഏറ്റം വലിയ പിശുക്കനെപ്പോലെ സ്വരൂപിക്കുകയായിരുന്നു. ചില കുട്ടികൾക്കു ട്യൂഷൻ എടുത്തു കിട്ടിവന്ന ചെറിയ വരുമാനം കൊണ്ടായിരുന്നു ജീവിതാവശ്യങ്ങൾ നിർവഹിച്ചിരുന്നത്. അവിടെനിന്നും ജോലി രാജിവച്ച് തന്റെ ചിരകാലപ്രതീക്ഷിതമായ മിഷൻ മേഖലയിലേക്ക് ഇറങ്ങുമ്പോൾ ഏഴായിരം രൂപാ ബാങ്കിൽ നിക്ഷേപമുണ്ടായിരുന്നു. ട്യൂഷൻ എടുത്തതിന് തെലുങ്കു വിദ്യാർത്ഥി സമ്മാനിച്ച *കുതിരപ്പവൻ മോതിരമാണ് ആദ്യ കാലത്ത് മാന്തുരുത്തേലെയും മുളന്തുരുത്തിയിലെയും കോലഞ്ചേരിയിലെയും പുതുക്രിസ്ത്യൻ സ്ത്രീകളുടെ താലിയായി* മാറിയത്.

കൊച്ചിമഹാരാജാവ് തിരുമേനിക്ക് അടിച്ചമർത്തപ്പെട്ട അധഃകൃതരുടെ പേരിൽ അല്പം അനുകമ്പതോന്നി. അവരെ ഒന്നുയർത്തുവാൻ അദ്ദേഹത്തിനു ദയവു

ണ്ടായി. അന്നു ദിവാനായിരുന്ന സർ ടി. വിജയരാഘവാചാരി അതിനു അനുകൂലിയും പ്രേരകനുമായിരുന്നു. ഇക്കാര്യം ഗവൺമെന്റു തലത്തിൽ ആലോചിച്ചപ്പോൾ *വിദ്യാഭ്യാസ ഡയറക്ടർ ഡേവിസ് സായിപ്പിന്റെ ഉപദേശമനുസരിച്ച് ഇതിലേക്കു സ്പെഷ്യൽ ആഫീസറായി നിയമിക്കുവാൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിന്നും രാജിവച്ചുപോയ ശ്രീ. എം. പി. പീറ്ററെ മാത്രമാണു കണ്ടുകിട്ടിയത്*. ഇതിനകം പട്ടമേറ്റു കഴിഞ്ഞിരുന്ന ഡീക്കൻ എം. പി. പത്രോസിനെ കൊച്ചിദിവാൻ *1105-ൽ കമ്പിയടിച്ചു വരുത്തി സ്പെഷ്യൽ ആഫീസറായി നിയമിക്കുക*യാണുണ്ടായത്. വടക്കൻ കൊച്ചിയിലും തെക്കൻ കൊച്ചിയിലും സ്പെഷ്യൽ ആഫീസറുടെ കൂടെ സഞ്ചരിച്ചു സഹായിക്കുവാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഇൻസ്പെക്ടർമാരായിരുന്ന വിശ്വനാഥയ്യരെയും പള്ളിയിൽ കൃഷ്ണമേനോനെയും ഗവൺമെന്റിൽ നിന്നു നിയോഗിച്ചു. അന്നേവരെ വിദ്യാലയങ്ങൾക്കകം കണ്ടിട്ടില്ലാതിരുന്ന അനേകം അധഃകൃത ബാലികബാലന്മാരെ സ്കൂളിൽ ചേർത്തുതുടങ്ങി. രാജ്യത്തു പല ഭാഗങ്ങളിലായി ധാരാളം കിണറുകൾ അധഃകൃതർക്കായി കുഴിപ്പിച്ചു. *ചാലക്കുടി റയിൽവേ സ്റ്റേഷനു വടക്കുഭാഗത്തുള്ള വിജയരാഘവപുരം കോളനി സ്പെഷ്യൽ ഓഫീസറുടെ നിർദ്ദേശപ്രകാരം അന്നാരംഭിച്ചതാണ്.*

ഏതാനും വർഷങ്ങൾക്കുശേഷം *വൈക്കത്തടുത്തു ചെമ്പിൽ പള്ളിയിൽ വച്ച് എം. പി. പീറ്റർ ശെമ്മാശൻ കശ്ശീശായായി പട്ടമേറ്റു*. സ്ലീബാ മാർ ഒസ്താത്തിയോസ് തിരുമേനിക്ക് അധഃകൃതരുടെ ഇടയിലുള്ള സ്ളീബാദാസന്മാരുടെ വേലയെപ്പറ്റി വളരെ സന്തോഷമായിരുന്നു. പൗരോഹിത്യശുശ്രൂഷയിലേക്ക് പ്രവേശിച്ചപ്പോൾ തന്റെ ദൈവവിളിയുടെ ആഴവും അർത്ഥവും പൂർണ്ണ തലത്തിൽ ഗ്രഹിച്ച അദ്ദേഹം തന്റെ മിഷണറിവേല വിപുലമാക്കുന്നതിനും മറ്റു മേഖലകളിലേക്ക് അത് വ്യാപിപ്പിക്കുന്നതിനും ഏറെ ബദ്ധശ്രദ്ധനായിത്തീർന്നു. സമയ കാല ആരോഗ്യമൊന്നും ഗൗനിക്കാതെ രാപകലില്ലാതെ പാവങ്ങൾക്ക് അപ്പോസ്തോലനായി അദ്ദേഹം തന്റെ പ്രവർത്തനത്തിൽ സദാ ജാഗരൂഗനായിത്തീർന്നിരുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ലഹരി പിടിച്ച് ഉന്മത്തനായ ഒരുവനായി പത്രോസ് കത്തനാർ വിളിക്കപ്പെട്ട വിളിക്ക് യോഗ്യമായി മുന്നോട്ട് കുതിച്ചു.

3. "കുരിശ് വഹിക്കുക" എന്ന ആശയത്തിന്റെ ജീവിച്ച സാക്ഷ്യം.

കുരിശ് വഹിക്കുക എന്നത് ആത്മീയമായും ഭൗതീകമായും ഏറെ ശ്രമകരമായ ദൗത്യമാണ്. ക്രൈസ്തവ ജീവിതപന്ഥാവിൽ കുരിശിനും അത് തെളിയ്ക്കുന്ന പാതയ്ക്കും ഏറെ പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളും സ്വാഭാവികമായും കാണുവാനും അനുഭവിക്കാനും കഴിയും. പക്ഷേ സ്വപ്രാണന്റെ അംശമായി കുരിശിനെ മാറ്റുമ്പോൾ കുരിശ് അലങ്കാരവും അഭിമാനവും അടയാളവും അനുഗ്രഹവും ആയി നമുക്ക് അനുഭവവേദ്യമായി അഭിരമിക്കും. *പത്രോസ് മാർ ഒസ്താത്തിയോസ് എന്ന മഹാമേരു തന്റെ നാഥൻ കാണിച്ചുതന്ന കുരിശിന്റെ വഴി പിൻപറ്റുകയും അത് ഒരു സ്ഥാപിതമായ സമൂഹമായി മാറ്റുകയും ചെയ്തു* എന്നത് തികച്ചും അത്ഭുതമാണ് എന്ന് പറയുന്നതിൽ എനിക്ക് ശങ്കയില്ല. തന്റെ പ്രിയ ഗുരുവും പിതാവുമായ സ്ലീബാ മാർ ഒസ്താത്തിയോസിനോടുള്ള ആദരവ് ഈ നാമകരണത്തിൽ ഉൾചേർന്നിട്ടുണ്ടെങ്കിലും അതിനപ്പുറമായി വളരുവാൻ തിരുമേനിയ്ക്കും സ്ലീബാദാസ സമൂഹത്തിനും കഴിഞ്ഞു എന്നതുതന്നെയാണ് തിരുമേനിയുടെ കുരിശിന്റെ വഴിയുടെ മഹത്വം.

''എന്നെ അനുഗമിക്കുവാൻ ആരെങ്കിലും ഇച്ഛിക്കുന്നെങ്കിൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ കുരിശു എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ"(മർക്കോസ് 8:34). "തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവനും എന്റെ ശിഷ്യനാകാൻ യോഗ്യനല്ല"(മത്തായി 10:38). "നിനക്കു ഒരു കുറവുണ്ട്; പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക; അപ്പോൾ നിനക്കു സ്വർഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നീടു വന്ന് എന്നെ അനുഗമിക്കുക."(മർക്കോസ് 10:21). "എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ സ്വയം പരിത്യജിച്ച് അനുദിനം തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ"(ലൂക്കോസ് 9:23), ഈവിധമായ തിരുവചനങ്ങളെ ഹൃദയത്തിൽ പേറുകയും അത് സ്വന്ത ജീവിതത്തിലൂടെ സാക്ഷിക്കുവാനും അദ്ദേഹത്തിന് അക്കാലത്ത് കഴിഞ്ഞു എന്നത് തന്നെയാണ് ആ പുണ്യാത്മാവിന്റെ മഹിമ.

സ്ലീബാദാസ സമൂഹത്തിലെ ഓരോ റിപ്പോർട്ടിന്റെയും ആമുഖമായി സുവിശേഷവേലയുടെ ഓരോ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഒരു വേദപുസ്തകവാക്യം രേഖപ്പെടുത്തിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ആരാധനയുടെ അടിസ്ഥാനത്തിലും *വേദപുസ്തക അടിസ്ഥാനത്തിലും*



സമാധാനം, വിജയക്കൊടി, രക്ഷയുടെ ഉപാധി, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസായും പഠിപ്പിക്കലും തുടങ്ങിയ ആശയങ്ങൾ അതിൽ ചിലതു മാത്രമാണ്. സ്ലീബായുടെ പലവിധമായ വർണ്ണനകളും ദൗത്യവും അക്കൂട്ടത്തിൽ നിന്ന് വായിച്ചെടുക്കുവാൻ സാധിക്കും. "സ്ളീബാ സമാധാനത്തിന്റെ അടയാളമാകുന്നു. സ്ളീബാ രക്ഷയുടെ തുറമുഖമാകുന്നു. സ്ളീബാ പരിശുദ്ധസഭയെ നിയോഗിച്ച് അതിന്റെ ആരാധനയ്ക്ക് പുറജാതിക്കാരെ കൂട്ടിച്ചേർക്കുന്നു. കർത്താവേ, നിന്റെ സ്ളീബായാൽ സകല കലഹങ്ങളിൽ നിന്നും പിശാചുക്കളുടെയും ദോഷികളായ മനുഷ്യരുടേയും ഉപ്രദവങ്ങളിൽ നിന്നും സഭയെ രക്ഷിക്കേണമേ. നിന്റെ സ്ളീബായാൽ വേദവിപരീതങ്ങളെ അകറ്റേണമെ. നിന്റെ സ്ളീബായാൽ ഞങ്ങളുടെ പാപങ്ങളെ ക്ഷമിക്കേണമേ. നിന്റെ സ്ളീബായാൽ ഞങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തേണമേ. നിന്റെ സ്ളീബായാൽ ഭൂമിയിൽ നിന്നു ശിക്ഷകളെ നീക്കേണമേ. നിന്റെ സ്ളീബാ ഞങ്ങളുടെ പരേതർക്ക് ആത്മീയ പാലമായിത്തീർന്നു അവരും ഞങ്ങളും ആനന്ദകരമായ സ്ഥലത്തേക്ക് വിശുദ്ധന്മാരോടുകൂടി പ്രവേശിക്കയും ചെയ്യേണമേ. ആമ്മീൻ." മുപ്പതാം വാർഷിക റിപ്പോർട്ടിൽ ആരംഭമായി നൽകിയിരിക്കുന്ന പ്രാർത്ഥനയാണ് ഇത്. ഇതിൽ എല്ലാം ആ പിതാവ് ഉൾചേർത്തിരിക്കുന്നു എന്നത് എത്രയോ സ്പഷ്ടമാണ്.

പരിഹാസത്തിന്റെയും പരനിന്ദയുടെയും വാക്കുകളും, ഒറ്റപ്പെടുത്തലിന്റെയും അകറ്റിമാറ്റപ്പെടുന്നതിന്റെയും അനുഭവങ്ങളും പേറി സമൂഹത്തിൽ നുണ്ടു നുണ്ടു ജീവിച്ചിരുന്നവരിലേക്ക് സ്വയം കുരിശുമേന്തി, കുരിശിന്റെ വിജയവും രക്ഷയും പുകഴ്ച്ചയും അവർക്ക് പകർന്നുകൊടുത്തുകൊണ്ട് സന്തോഷവും കിരീടവുമായി അവരെ സ്നേഹിച്ച് പലരും പലതും പറഞ്ഞപ്പോഴും കാണാതപോയ ആടുകളുമായി കർമ്മേലിലേക്ക് ഓടിയെത്തിയ ആ മഹാനുഭാവൻ തീർച്ചയായും യഥാർത്ഥ സ്ലീബാ ദാസനായിരുന്നു എന്ന് തലമുറകൾ സാക്ഷിക്കുന്നു. *ചെറുപ്പത്തിൽ കഴുത്തിൽ ചാർത്തപ്പെട്ട മരത്തടി മാറി മറ്റൊരു മരക്കുരിശ് സ്വയം എടുത്തണിഞ്ഞപ്പോൾ ആ കുരിശിന്റെ അദൃശ്യമായ വലുപ്പത്തിലേക്ക് പൂർണ്ണമായി വളരുവാൻ തിരുമേനിയ്ക്ക് സാധിച്ചു* എന്നതാണ് അദ്ദേഹത്തിന്റെ ജീവിതവും കുരിശും നമ്മെ ബോധ്യപ്പെടുത്തുന്നത്.

4. അന്നത്തെ സാമൂഹ്യ പശ്ചാത്തലവും സ്ലീബാദാസ സമൂഹത്തിന്റെ സ്ഥാപനവും

കേരളത്തിലെ അന്നത്തെ സാമൂഹ്യപശ്ചാത്തലത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഒരു വൈദികൻ നടത്തിയ പരിശ്രമം അക്കാലത്ത് ഏറെ കോളിളക്കം സൃഷ്ടിച്ച ഒന്നാണ്. പരിശുദ്ധ പരുമല തിരുമേനിയുടെ വിജാതീയ മിഷൻ എന്ന ചിന്തയിൽ നിന്ന് വ്യത്യസ്ഥമായി ആണ് മാർ ഒസ്താത്തിയോസ് അക്കാലത്ത് തന്റെ കാഴ്ച്ചപ്പാടുകളുമായി മുന്നിട്ടിറങ്ങിയത്. പരുമല തിരുമേനി ഘട്ടം ഘട്ടമായിയുള്ള ഒരു ഉന്നമനവും പരിവർത്തനവും ആണ് മുന്നോട്ട് വച്ചത്. എളുപ്പത്തിൽ അംഗീകാരം മുൻനിരയിൽ നിന്ന് നേടിയെടുക്കാൻ അന്ന് അത്രമേൽ എളുപ്പമല്ലായിരുന്നതിനാൽ തന്നയാണ് പലയിടത്തും വിജാതീയ മിഷൻ സാവധാനമായ പ്രവർത്തനമായി മാറിയത്.


എന്നാൽ ഒസ്താത്തിയോസ് തിരുമേനി നേരിട്ട് അവരെ സഭയിലും സമൂഹത്തിലും മുന്നിട്ടുകൊണ്ടുവാരൻ ആണ് ശ്രമിച്ചത്. *പുലപ്പള്ളിക്ക് തീയടണം* എന്ന ലേഖനമുൾപ്പെടെ എല്ലാം ഇതിന്റെ ബാക്കിപത്രമാണ്. ഇവർ രണ്ടുപേരുടെയും ചിന്താധാരകളും പ്രവർത്തശൈലിയും മിഷൻ മേഖലയിലെ വ്യത്യസ്ഥതയും തമ്മിലുള്ള ഒരു താരതമ്യ പഠനത്തിന് ഏറെ പ്രസക്തിയുണ്ട്.

മലങ്കര ഗാന്ധി എന്നറിയപ്പെട്ടിരുന്ന മാർ ഒസ്താത്തിയോസ് 1924–ൽ ആരംഭിച്ച സ്ലീബാദാസ സമൂഹം, മറ്റു പ്രസിദ്ധങ്ങളായ പല മിഷനറി സമൂഹങ്ങളെയും പോലെയായിരുന്നില്ല. *സഭയിലെ ചിന്തകന്മാരും ഉന്നതന്മാരുമായ മെത്രാപ്പോലീത്തന്മാരുടെയും നേതാക്കന്മാരുടെയും ആലോചനയോടും അറിവോടും സമ്മതത്തോടും കൂടിയായിരുന്നില്ല ഈ സമൂഹമുടലെടുത്തത്. കക്ഷിമാത്സര്യത്തിന്റെ രൂക്ഷത അലയടിച്ചിരുന്ന കാലഘട്ടം, സമൂഹമാരംഭിക്കുന്നതു സംബന്ധിയായി കൂടിയാലോചനയ്ക്കും മറ്റും അത്ര പറ്റിയതുമായിരുന്നില്ല. മുൻകൂട്ടി ഈ സമൂഹത്തിന് നിയമാവലികളും അനുസരണച്ചട്ടങ്ങളും ഉണ്ടാക്കിയിരുന്നില്ല. തന്റെ കൂടെ ആരെല്ലാം ഈ വേലക്കിറങ്ങിത്തിരിക്കുമെന്ന് കണക്കു കൂട്ടിയോ കൃത്യമായ പദ്ധതി രേഖകളോടെയൊ ആയിരുന്നില്ല ഒരു വിപ്ലവകാരിയുടെ ഈ പുറപ്പാട്. എന്നാൽ ഈ എടുത്തുചാട്ടത്തിനു പുറകിൽ ആഴമായ ബോധവും ഉത്തമവിശ്വാസവും ഉണ്ടായിരുന്നു. ദൈവത്താൽ താൻ ഇതിനായി തികച്ചും വിളിക്കപ്പെട്ടിരിക്കുന്നു എന്ന ഉറച്ച ബോധ്യം അദ്ദേഹത്തെ പുറകോട്ടു മാറുവാനോ പിൻതിരിയുവാനോ നിവൃത്തിയില്ലാത്തവണ്ണം നിർബന്ധിച്ചു.*

പൊടുന്നനെ ഒരു ദിവസം ആരംഭിച്ചതല്ല ഈ സമൂഹം എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നന്നേ ചെറുപ്പം മുതൽ സാധുക്കളോടുള്ള തിരുമേനിയുടെ സമീപനവും കരുതലും അവരുടെ വേദനയോടൊപ്പം വേദനിക്കുന്ന മനസ്സും അദ്ദേഹത്തെ ഏറെ ചിന്തിപ്പിച്ചിരുന്നു. *സംഘടിതമായ ഒരു പ്രവർത്തന ശൈലയിൽക്കൂടി കൂടുതൽ ഏകീകൃതമായി* പാവപ്പെട്ടവരെ *ഉന്നതിയിലെത്തിക്കാം എന്ന് അദ്ദേഹം കരുതിയിരുന്നു*. കാടും മലയും കയറിയിറങ്ങി നടത്തിയ സുവിശേഷദൗത്യം വളരെ പെട്ടെന്നുതന്നെ ഫലം കണ്ടു തുടങ്ങി. എല്ലാവർക്കും പുതിയ പ്രതീക്ഷയുടെ നാമ്പുകൾ അവരുടെ ജീവിതത്തിൽ ഉദിച്ചുവന്നു. ഏറെ പ്രതീക്ഷ നിറഞ്ഞ കണ്ണുകളോടെ ഏവരും തിരുമേനിയെ നോക്കികണ്ടു. *തന്റെ ഒപ്പം ക്രൈസ്തവ മാർഗ്ഗത്തിൽ ചേർന്നവരെയെല്ലാം സ്വന്തം ചോരപോലെ തന്നെയാണ് മൂക്കഞ്ചേരി തമ്പ്രാൻ അന്ന് കണ്ടത്. ജാതി-മത-വർഗ്ഗ-വർണ്ണ വേലികൾ എല്ലാം ആ കുറിയ മനുഷ്യന്റെ മനുഷ്യസ്നേഹത്തിന്റെ വാതിക്കൽ ഉടഞ്ഞുപോയി.*

പരിവർത്തനപ്പെട്ടവരുടെ ഇടയിലുള്ള പ്രവർത്തനത്തിന്റെ മറ്റൊരു വലിയ പ്രതിസന്ധിയായി തിരുമേനി ചൂണ്ടിക്കാട്ടുന്നത് *മലങ്കര സഭയിലെ തന്നെ ചില വൈദീകരുടെയും വലിയ ഇടവകകളുടെയും നിസഹകരണവും കർത്താവിന്റെ സുവിശേഷത്തിനു ചേരാത്ത പെരുമാറ്റവുമാണ്. പുതുക്രിസ്ത്യാനിയുടെ കുഞ്ഞുങ്ങളെ മാമോദീസാ മുക്കാൻ പോലും മടിയുള്ള പട്ടക്കാരെക്കുറിച്ചു തിരുമേനി പലയിടത്തും ശക്തമായി തന്നെ പറയുകയും എഴുതുകയും ചെയ്യുന്നുണ്ട്.* അവയെക്കുറിച്ച് തിരുമേനി നടത്തുന്ന ഒരു നിരീക്ഷണം ഇന്നും പ്രസക്തമാണ്, *സാധുക്കളുടെ ആത്മീയ ദിഷ്ടതികൾ നടത്തി കൊടുപ്പാൻ താല്പര്യവും ചുമതലാബോധവും ഇല്ലാത്ത ഇടയൻമാർ ഉണ്ടാകുമ്പോഴാണ് സഭയ്ക്ക് നാശം സംഭവിക്കുന്നത്... ധനികന്റെ വീട്ടിൽ മാത്രം കയറിയാൽ പോരാ, ക്ഷണിക്കപ്പെടാതെ തന്നെ മെത്രാൻ കൊല്ലത്തിൽ ഒരിക്കൽ തന്റെ ഇടവകകളെ സന്ദർശിക്കേണ്ടത് ആവശ്യമായിരിക്കുന്നതുപോലെ വികാരി ക്ഷണിക്കപ്പെടാതെ കൊല്ലത്തിൽ ഒരിക്കലെങ്കിലും എല്ലാ ഭവനങ്ങളും സന്ദർശിക്കേണ്ടതാണ്.* കൂടാതെ അക്കാലത്ത് സഭ യിലേക്ക് പരിവർത്തനപ്പെടുന്ന ആളുകൾ അനുഭവിക്കുന്ന സാമൂഹികമായ അകറ്റിനിർത്തലും തൊഴിൽ നഷ്ടവും ഉൾപ്പെടെയുള്ള പ്രശ്നങ്ങളെക്കുറിച്ച് തിരുമേനി ഏറെ ആകുലനാകുന്നുണ്ട്.

സമൂഹത്തിൽ ചേർന്നവർക്ക് പിന്നീടും അവകാശങ്ങളും അംഗീകാരങ്ങളും ലഭിക്കുന്നതിന് പ്രത്യേക ശ്രദ്ധ തിരുമേനി ചെലുത്തിയിരുന്നു. സംവിധാനങ്ങളോട് അധഃകൃതർക്ക് വേണ്ടി മല്ലിടുന്നതിന് യാതൊരു വൈഷമ്യവും തിരുമേനി കാണിച്ചിരുന്നില്ല. *...ക്രിസ്ത്യൻ പേരുള്ള എല്ലാ അധഃകൃത വിദ്യാർത്ഥികളിൽനിന്നും സഹായധനം പിൻവലിച്ചിട്ടില്ലെന്നും അധഃകൃതർ ക്രിസ്തുമതം സ്വീകരിച്ചതിനുശേഷം അവർക്കുണ്ടായിട്ടുള്ള സന്താനങ്ങളിൽനിന്നു മാത്രമാണ് സഹായധനം പിൻവലിച്ചിട്ടുള്ളതെന്നും കാണുന്നു. എന്നാൽ ഹിന്ദുക്കളായ*



ചില അദ്ധ്യാപകന്മാർ മേല്പറഞ്ഞ വിവരം മനസ്സിലാക്കാതെ പ്രവർത്തിക്കുന്നത് ഒരു സർക്കുലർ മൂലം സംരക്ഷകൻ തടയേണ്ടതാണ്.... ഒരു പുലയനോ പറയനോ ഇന്നു ക്രിസ്തുമതം സ്വീകരിച്ചതിന്റെ ശേഷം നാളെ അവനുണ്ടാകുന്ന കുട്ടിക്ക് അധഃകൃതർക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതല്ലെന്നു റൂൾ ഉണ്ടാക്കിയിരിക്കുന്നത് അനീതിയും ക്രിസ്തുമതത്തിന് എതിരായുള്ള പോരാട്ടവുമാണ്.... തിരുവിതാംകൂറിലും ബ്രിട്ടീഷിലും അധഃകൃതർ ഏതു മതം സ്വീകരിച്ചാലും അവരുടെ സന്തതികൾക്ക് ആനുകൂല്യങ്ങൾ കുഴപ്പം കൂടാതെ ചെയ്തുകൊടുപ്പാൻ സാധിക്കുന്ന സ്ഥിതിക്കു കൊച്ചി സംസ്ഥാനത്തു മാത്രം ഈ കുഴപ്പം നേരിടുന്നത് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല... ക്രൈസ്തവർ അല്ലാത്ത അധഃകൃതർക്കു തിരുവിതാംകൂർ ഗവർമെന്റിൽനിന്നു കൊടുക്കുന്ന ഫീസ് സൗജന്യവും മറ്റു ക്രൈസ്തവരായ അധഃകൃതർക്കും കൊടുക്കേണ്ടതാണെന്നും മതത്തിലുള്ള വ്യത്യാസം ആരെയും സാമ്പത്തികമായി ഉയർത്തുന്നില്ലെന്നും, സൗജന്യവിഷയത്തിൽ മതമല്ല, വർഗ്ഗമാണ് ഗൗനിക്കേണ്ടതെന്നും, ഞാൻ മന്ത്രി ശ്രീ. രാമചന്ദ്രന് എഴുതിയിരുന്നു.... ഈവിധം പാവപ്പെട്ടവരുടെ അവകാശസംരക്ഷണത്തിനുവേണ്ടി തിരുമേനി ഏറെ ധീരമായി പോരാടിയിരുന്നു.

ക്ഷേത്രപ്രവേശന വിളംബരം പ്രാബല്യത്തിൽ വരുന്നതിന് അഞ്ച് കൊല്ലം മുമ്പ് തിരുമേനി ഒരു കമ്പിസന്ദേശം തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാർക്കും, കോഴിക്കോട്ടു സാമൂതിരിപ്പാടിനും അയച്ചിരുന്നത് പലരുടെയും ശ്രദ്ധയിൽ വരാത്ത ഒന്നായിരുന്നു. അത് ഇപ്രകാരമായിരുന്നു *"വിഗ്രഹാരാധനയിൽ വിശ്വാസമില്ലാത്ത ഒരാളാണ് ഞാനെങ്കിലും, അവിടുത്തെ ക്ഷേത്രങ്ങൾ എല്ലാം സാധുക്കളായ അധഃകൃതർക്കു തുറന്നുകൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അപ്രകാരം ക്ഷേത്രങ്ങൾ തുറന്ന് അവർക്കു പ്രവേശനം അനുവദിക്കുന്നതു നിശ്ചയമായും അവരുടെ ഉദ്ധാരണത്തിനു സഹായകമാകുന്നതാണ്. ഹിന്ദുക്ഷേത്രങ്ങൾ അധഃകൃതർക്കു തുറന്നുകൊടുക്കുകയില്ലെങ്കിൽ എല്ലാ ക്രൈസ്തവദേവാലയങ്ങളും അവർക്കു ഞങ്ങൾ തുറന്നുകൊടുക്കുന്നതാണ്."* എത്രയോ ധീരമായിരുന്നു അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാട് എന്ന് ഈ വാക്കുകളിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്.

സമൂഹസ്ഥാപനത്തിന് ശേഷം പിന്നീട് നടന്നത് വലിയ ചരിത്രമായിരുന്നു. അനേകായിരങ്ങൾ സ്ലീബാദാസ സമൂഹത്തിൽ കൂടി ആത്മീയമായും ഭൗതീകമായും ഉന്നതി പ്രാപിച്ചു. മതപരിവർത്തനം എന്ന സംജ്ഞയിൽ ഇന്ന് കാണുന്നപോലെ കേവലമായ ഒരു പരിവർത്തനമായിരുന്നില്ല അന്ന് നടന്നത്. **വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, ധാർമ്മികത, ശുചിത്വം തുടങ്ങി ഒരു മനുഷ്യന്റെ അനുദിന ജീവിതത്തിൽ ആവശ്യമായ അല്ലെങ്കിൽ അനുപേക്ഷണീയമായ കാര്യങ്ങളെ അവർക്ക് സുപരിചിതമാക്കി നൽകുന്ന വിലയ ഒരു ദൗത്യമായിരുന്നു യഥാർത്ഥത്തിൽ തിരുമേനിയുടെ ഈ സമൂഹ സ്ഥാപനത്തിന്റെ ലക്ഷ്യം.** *അധഃകൃതോദ്ധാരണം എന്ന് പൊതുവെ പറയുന്ന ഈ ശൈലി അവരുടെ മനസ്സിന്റെയും ശരീരത്തിന്റെയും ബന്ധനമുക്തികൂടിയായിരുന്നു എന്ന് കാലം പിന്നീട്* തെളിയിച്ചു. അതുകൊണ്ട് തന്നെ സ്ലീബാ വിജയ

ക്കൊടിതന്നെയാണ് എന്ന് ഏവരും ഉറച്ച് വിശ്വസിച്ചു അവരുടെ ജീവിതം കൊണ്ട് സാക്ഷിക്കുകയും ചെയ്തു, ഇന്നും ചെയ്യുന്നു.

അരമനയും കാറും-
തങ്കച്ചെങ്കോലും
പൊന്നങ്കിയുമെന്യേ
ലളിതമനോഹര ചരിതത്താൽ
നന്മ വളർത്തിയ നിർമ്മലനേ.....

ചുരുളും ചേങ്കലയും
തൃക്കൈകളിലേന്തി
കാൽനടയായ് കാടും-
മലയും കയറിക്കുടിലുകളിൽ
സുവിശേഷം ഘോഷിച്ചോനേ!..... സഭാകവി സി.പി ചാണ്ടി സാറിന്റെ ഈ വരികളിൽ ആരായിരുന്നു മാർ ഒസ്താത്തിയോസ് എന്നും എന്തായിരുന്നു അദ്ദേഹത്തിന്റെ ദർശനം എന്നും സുവ്യക്തമാണ്.

ഉപസംഹാരം

സമ്പന്നതയുടെയും ആർഭാടത്തിന്റെയും കുലീനത്വത്തിന്റെയും ഔന്നത്യത്തിൽ അർമ്മാദിക്കുന്ന ഇന്നിന്റെ ആഘോഷമദ്ധ്യത്തിൽ നിന്ന് കൊണ്ട് ഏത്ര വിശദീകരിച്ചാലും എത്ര വർണ്ണിച്ചാലും കേവലം അന്നത്തെ സമൂഹ്യവ്യവസ്ഥയും ദുരിതങ്ങളും പൂർണ്ണമായ അർത്ഥത്തിൽ ഗ്രഹിക്കുവാൻ ആർക്കും കഴിയില്ല. അതുകൊണ്ട് തന്നെ *മലങ്കരയുടെ മഹാനായ മിഷണറിവീരൻ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാച്ചൻ* നടത്തിയ നവോത്ഥാനവിപ്ലവം നമുക്ക് പലപ്പോഴും കേവലമായ വർണ്ണനകൾ മാത്രമായി ഒതുങ്ങിയേക്കാം. അന്നത്തെ പല ആവശ്യങ്ങളും നമുക്ക് ഇന്ന് അനാവശ്യങ്ങളാണ്. അത് കാലം വരുത്തുന്ന ഒരു സ്വാഭാവികമായ മാറ്റമാണ്. പക്ഷേ ലഭിക്കാവുന്ന ഔന്നത്യങ്ങളെല്ലാം ത്യജിച്ച്, ശാന്തമായി മൗനമായി ധീരമായി പ്രവർത്തിക്കുവാൻ, അത് ആരും മടിക്കുന്ന മേഖലയിൽ പൂർണ്ണ സമയം പ്രവർത്തിക്കുവാൻ മുന്നിട്ടിറങ്ങിയ ചില ആത്മാക്കൾ നമുക്ക് ചുറ്റും ഇന്നും ഉണ്ട്. അവരുടെ ഓർമ്മകളെയും അവരുടെ കാഴ്ച്ചപ്പാടുകളെയും അവരുടെ പ്രവർത്തനത്തെയും മാനിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

മൂവാറ്റുപുഴ പഴയപാലത്തിന്റെ വാതിൽക്കൽ അരയണയ്ക്കുവേണ്ടി ചെരുപ്പുകുത്തിയോട് പേശുന്ന ഒരു മെത്രാച്ചനെ നമുക്ക് ചിന്തിക്കാൻ സാധിക്കുമോ, കാരണം ആ അരയണ പാവപ്പെട്ടവന്റെ അല്പാഹാരമെന്ന് അദ്ദേഹം കണക്കിട്ടു, കാറു കൊടുത്തപ്പോൾ 'മക്കളെ ഞാൻ പോണ വഴി കാറുപോകില്ല, ആ കാശു തന്നാൾ നാല് പേർക്ക് കൂര വയ്ക്കാം' എന്ന് പറയുന്ന ഒരു മെത്രാച്ചൻ, കോതമംഗലത്തിന് കിഴക്ക് മലയോര ഗ്രാമങ്ങളിൽ പ്രസംഗിക്കാൻ പോയി കക്ഷിവഴക്ക് മൂലം ആട്ടിയോടിക്കപ്പെട്ടപ്പോൾ കടത്തിണ്ണയിൽ കിടന്നുറങ്ങിയ ഒരു മെത്രാച്ചൻ, രാത്രിയിൽ ദൈവദൂതനെപ്പോലെ ഒരു അജ്ഞാതനാൽ ഭക്ഷണം ലഭിച്ച് സുഖമായി ഉറങ്ങിയുണർന്നപ്പോൾ തടസ്സങ്ങൾ എല്ലാം മാറി വീണ്ടും സടകുടഞ്ഞെഴുന്നേറ്റ് പാവങ്ങളുടെ അപ്പോസ്തോലനായി മുന്നോട്ട് ഓട്ടം തികച്ച പുണ്യവാൻ. *ചേങ്ങലയും തമ്പേറും ആയുധമാക്കി മനുഷ്യരെ പിടിക്കുന്ന യോദ്ധാവായി മാറിയ മലങ്കരയുടെ മഹാനായ മിഷണറി വീരൻ പത്രോസ് മാർ ഒസ്താത്തിയോസ്* മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും കാലവും ഇനിയുമേറെ പഠിക്കേണ്ടിയിരിക്കുന്നു. അതിനേക്കാളുപരി കാലഘട്ടത്തിന്റെ മാറ്റങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് ഇനിയും തിരുമേനിയുടെ മിഷൻ മുന്നോട്ട് പോകണം. *മതപരിവർത്തനമല്ല ഇന്നിന്റെ ആവശ്യം മനുഷ്യമനസ്സുകളുടെ പരിവർത്തനമാണ്.*

(കണ്ടനാട് കർമ്മേൽ ദയറായിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 58-ാം ശ്രാദ്ധപ്പെരുന്നാളിനോട് അനുബന്ധിച്ച് 31.01.2026-ന് നടത്തിയ "ആധുനിക യുഗവും പത്രോസ് മാർ ഒസ്താത്തിയോസ് ദർശനവും" എന്ന സിമ്പോസിയത്തിൽ "സ്ലീബായാൽ രൂപപ്പെട്ട സാക്ഷാൽ സ്ലീബാ ദാസൻ: പത്രോസ് മാർ ഒസ്താത്തിയോസ്" എന്ന വിഷയത്തിൽ അവതരിപ്പിച്ചത്.)



കുന്നംകുളം ഭദ്രാസന റൂബി ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു

കുന്നംകുളം: കുന്നംകുളം ഭദ്രാസന റൂബി ജൂബിലി (40 വർഷം) സമ്മേളനം മലബാർ സ്വതന്ത്ര സുറിയാനി സഭ അദ്ധ്യക്ഷൻ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇം?ഗ്ളീഷ് മീഡിയം സ്കൂൾ ഓഡിറ്റോറിയത്തിലെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ നഗറിൽ വച്ച് നടന്ന സമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. സ്റ്റീഫൻ ജോർജ്ജ് സ്വാഗതം പറഞ്ഞു. കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് അദ്ധ്യക്ഷനായിരുന്നു. സിവിൽ ജഡ്ജ് സീനിയർ ഡിവിഷൻ അനീഷ് ചാക്കോ മുഖ്യസന്ദേശം നൽകി. കുന്നംകുളം മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ പി. ജി. ജയപ്രകാശ്, വാർഡ് കൗൺസിലർ ഗീതാ ശശി എന്നിവർ ആശംസകൾ അറിയിച്ചു. പ്രോഗ്രാം കമ്മറ്റി ചെയർമാൻ ഫാ. വി. എം. ശമുവേൽ നന്ദി രേഖപ്പെടുത്തി. തുടർന്ന് കോട്ടയ്ക്കൽ മാള സെന്റ് തെരേസാസ് കമ്മ്യൂണിക്കേഷൻസ് അവതരിപ്പിച്ച ബൈബിൾ നാടകം മുൾക്കിരീടം നടത്തപ്പെട്ടു.



തുമ്പമൺ ഭദ്രാസന പ്രാർത്ഥന യോഗത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഡിപ്ലോമ ഇൻ ഓർത്തഡോക്സ് ഫെയ്ത്ത് പാഠ്യ പദ്ധതിയുടെ പ്രവേശന ആരംഭ ഉദ്ഘാടനം ബേസിൽ അരമന കോൺഫറൻസ് ഹാളിൽ വച്ച് ഡോ. എബ്രഹാം മാർ സെറാഫിം നിർവഹിച്ചു.



ഐക്കൺ എക്സലൻസ് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം

പ്ലസ് വൺ തലം മുതൽ മുകളിലേക്ക് ഉപരി പഠനം നടത്തുന്ന സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവിധ മതസ്ഥരായ 550 വിദ്യാർത്ഥികൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ മാനവ ശക്തികരണ വിഭാഗം ഏർപ്പെടുത്തിയ ഐക്കൺ എക്സലൻസ് വിദ്യാഭ്യാസ സ്പെഷ്യൽ സ്കോളർഷിപ്പ് സമ്മാനിച്ചു. മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങ് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള മുഴുവൻ തുകയും സഭക്ക് കൈമാറിയത് ഐക്കൺ ചാരിറ്റീസ് സംഘടനയാണ്.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ശല്ലൂമിന്റെ പുത്രിമാർ



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിലെ നെഹെമ്യാവിന്റെ പുസ്തകം ദൈവജനത്തിന്റെ ആത്മീയ ഉണർവ്വും ദേശീയ പുനർനിർമ്മാണവും വ്യക്തമാക്കുന്ന ഒരു ശക്തമായ ചരിത്ര രേഖയാണ്. യെരൂശലേമിന്റെ തകർന്നുകിടന്ന മതിലുകൾ പുനർനിർമ്മിക്കാൻ ദൈവം നെഹെമ്യാവിനെ ഉപയോഗിച്ചപ്പോൾ, ആ മഹത്തായ ദൈവദൗത്യത്തിൽ വിവിധ വർഗ്ഗങ്ങളിലുള്ള ആളുകൾ പങ്കെടുത്തു. പുരോഹിതന്മാർ, ഭരണാധികാരികൾ, വ്യാപാരികൾ, സാധാരണ ജനങ്ങൾ എന്നിവരോടൊപ്പം സ്ത്രീകളുടെ പങ്കും ബൈബിൾ പ്രത്യേകം രേഖപ്പെടുത്തുന്നു. അതിൽ ശ്രദ്ധേയമായ ഒരു ഉദാഹരണമാണ് നെഹെമ്യാവ് 3:12-ൽ പരാമർശിക്കുന്ന ശല്ലൂമിന്റെ പുത്രിമാർ. പേരുകൾ പോലും രേഖപ്പെടുത്താതെ, അവരുടെ പ്രവൃത്തിയിലൂടെ ദൈവവചനത്തിൽ ഇടം നേടിയ ഈ സ്ത്രീകൾ ഇന്നത്തെ വിശ്വാസികൾക്കു വിലപ്പെട്ട ആത്മീയ പാഠങ്ങൾ നൽകുന്നു.

1. പശ്ചാത്തലവും വചനപരമായ പ്രാധാന്യവും

നെഹെമ്യാവ് മൂന്നാം അദ്ധ്യായം യെരൂശലേമിന്റെ മതിൽ പണിയുടെ വിശദമായ പട്ടികയാണ്. ഓരോ ഗോത്രവും, കുടുംബവും, വ്യക്തികളും ഏറ്റെടുത്ത ഭാഗങ്ങൾ ഇതിൽ ക്രമമായി രേഖപ്പെടുത്തിയിരിക്കുന്നു. നെഹെമ്യാവ് 3:12 വാക്യത്തിൽ "ഹല്ലോഹേശിന്റെ മകൻ ശല്ലൂമും അവന്റെ പുത്രിമാരും" മതിലിന്റെ ഒരു ഭാഗം അറ്റകുറ്റം തീർത്തതായി പറയപ്പെടുന്നു. പുരുഷന്മാരുടെ പേരുകളാണ് സാധാരണയായി ഇത്തരം പ്രവർത്തനങ്ങളിൽ പരാമർശിക്കപ്പെടുന്നത്. എന്നാൽ ഇവിടെ ശല്ലൂമിനൊപ്പം അവന്റെ പുത്രിമാരെയും ദൈവവചനത്തിൽ പ്രത്യേകം ഉൾപ്പെടുത്തുന്നത്, അവരുടെ പങ്ക് ദൈവദൃഷ്ടിയിൽ എത്ര മാത്രം വിലപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു.

2. ദൈവകാര്യത്തിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം

ശല്ലൂമിന്റെ പുത്രിമാരുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത ദൈവകാര്യത്തിൽ അവർ സജീവമായി പങ്കെടുത്തു എന്നതായിരുന്നു. നെഹെമ്യാവിന്റെ കാലഘട്ടത്തിൽ യെരൂശലേമിന്റെ മതിൽ പുനർനിർമ്മാണം ഒരു ലളിതമായ ശാരീരിക ജോലി മാത്രമായിരുന്നില്ല; അത് ദൈവജനത്തിന്റെ ആത്മീയ പുനഃസ്ഥാപനത്തിന്റെ പ്രതീകവുമായിരുന്നു. തകർന്ന മതിൽ ദൈവജനത്തിന്റെ അപമാനവും അരക്ഷിതാവസ്ഥയും സൂചിപ്പിച്ചപ്പോൾ, അത് പുനർ നിർമ്മിക്കുന്നത് ദൈവത്തിൽ ഉള്ള പ്രത്യാശയും വിശ്വാസവും പ്രകടിപ്പിക്കുന്ന പ്രവർത്തനമായിരുന്നു. അത്തരം ഒരു മഹത്തായ ദൈവദൗത്യത്തിൽ ശല്ലൂമിന്റെ പുത്രിമാർ സ്വമേധയാ പങ്കെടുത്തത് അവരുടെ ആത്മീയ ബോധ്യവും ഉത്തരവാദിത്വ ബോധവും വ്യക്തമാക്കുന്നു.

മതിൽ പണിയുന്നത് ശാരീരികമായി ഏറെ ബുദ്ധിമുട്ടുള്ളതും ദീർഘനേരം സഹനത്തോടെ പ്രവർത്തിക്കേണ്ടതുമായ ജോലിയായിരുന്നു. കല്ലുകൾ ചുമക്കൽ, അവ ഉറപ്പിച്ച് സ്ഥാപിക്കൽ, ശത്രുക്കളുടെ ഭീഷണിക്കിടയിൽ ജാഗ്രത പാലിക്കൽ തുടങ്ങിയവയ്ക്കെല്ലാം മാനസിക സമ്മർദ്ദവും ധൈര്യവും ഏറെ ആവശ്യമായിരുന്നു. അത്തരം സാഹചര്യങ്ങളിൽ "സ്ത്രീകൾക്ക് ഇത് സാധ്യമല്ല" എന്ന സാമൂഹിക ധാരണകൾ നിലനിന്നിരുന്നുവെന്നതും നാം ഓർക്കണം. എന്നിരുന്നാലും, ശല്ലൂമിന്റെ പുത്രിമാർ ഇത്തരം തടസ്സങ്ങളെ അവഗണിച്ച് ദൈവീക ദൗത്യത്തിന്റെ മുൻനിരയിൽ തന്നെ നിലകൊണ്ടു. അവർ പിന്നോട്ട് നിന്നില്ല, മറിച്ച് ദൈവം ഏൽപ്പിച്ച പ്രവർത്തനത്തിന്റെ ഭാഗമാകാൻ തയ്യാറായി മുന്നോട്ട് വന്നു.

ഇതിലൂടെ ബൈബിൾ നമ്മെ വ്യക്തമായി പഠിപ്പിക്കുന്ന ഒരു സത്യമുണ്ട്, ദൈവത്തിന്റെ പ്രവർത്തനം പുരുഷന്മാരിൽ മാത്രം ഒതുങ്ങുന്നതല്ല. ദൈവവിളി ലിംഗഭേദം നോക്കാതെ, അനുസരണയുള്ള ഹൃദയങ്ങളെയാണ് അന്വേഷിക്കുന്നത്. ശല്ലൂമിന്റെ പുത്രിമാർ അവരുടെ പ്രവർത്തിയിലൂടെ ഈ സത്യം തെളിയിച്ചു. പേരുകളില്ലാതെ പോലും, അവരുടെ സമർപ്പണവും പരിശ്രമവും ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്, സ്ത്രീകളുടെ സേവനം ദൈവദൃഷ്ടിയിൽ എത്രമാത്രം വിലപ്പെട്ടതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവവിളിക്ക് പ്രതികരിക്കാൻ തയ്യാറാകുന്ന ഹൃദയം ഉള്ളവർ ആരായാലും, അവർക്ക് ദൈവ പ്രവർത്തനത്തിൽ ശക്തമായ ഉപകരണങ്ങളാകാമെന്ന സന്ദേശമാണ് ശല്ലൂമിന്റെ പുത്രിമാരുടെ ജീവിതം നമ്മോട് ശക്തമായി സംസാരിക്കുന്നത്.



3. ധൈര്യവും ത്യാഗമനോഭാവവും

നെഹെമ്യാവിന്റെ കാലഘട്ടത്തിൽ യെരൂശലേമിലെ സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യങ്ങൾ അതീവ അസ്ഥിരമായിരുന്നു. നഗരത്തിന്റെ മതിലുകൾ തകർന്നുകിടന്നതിനാൽ ജനങ്ങൾ ശത്രുക്കളുടെ ആക്രമണത്തിനും പരിഹാസത്തിനും തുറന്ന നിലയിലായിരുന്നു. ശത്രുക്കൾ നിരന്തരം ഭീഷണിപ്പെടുത്തുകയും, ദൈവജനത്തിന്റെ ആത്മവിശ്വാസം തകർക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു (നെഹെമ്യാവ് 4:13). അത്തരം ഒരു പശ്ചാത്തലത്തിൽ മതിൽ പണിയുക എന്നത് ഒരു സാധാരണ നിർമ്മാണപ്രവർത്തനമല്ല, അത് ജീവനും സുരക്ഷയും അപകടത്തിലാക്കുന്ന, വലിയ ധൈര്യം ആവശ്യപ്പെടുന്ന ദൗത്യമായിരുന്നു. ഈ സാഹചര്യങ്ങളെയൊക്കെയും അറിയാമായിരുന്നിട്ടും, ശല്ലൂമിന്റെ പുത്രിമാർ ഭയന്ന് പിന്മാറിയില്ല. ശത്രുക്കളുടെ പരിഹാസവും ആക്രമണസാധ്യതയും അവരുടെ മനസ്സിൽ ഭീതിയുണ്ടാക്കിയേക്കാമായിരുന്നു

ശല്ലൂമിന്റെ പുത്രിമാരുടെ ധൈര്യം സ്വാഭാവികമായ ആത്മവിശ്വാസത്തിൽ നിന്നല്ല, മറിച്ച് ദൈവത്തിൽ ഉള്ള ഉറച്ച വിശ്വാസത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. ദൈവത്തിനായി ഏറ്റെടുത്ത പ്രവർത്തനം അവൻ തന്നെ സംരക്ഷിച്ച്

പൂർത്തിയാക്കുമെന്ന് അവർ വിശ്വസിച്ചു. അതുകൊണ്ടുതന്നെ അവർ ശാരീരിക ക്ഷീണം, സാമൂഹിക വിമർശനം, വ്യക്തിഗത അസൗകര്യങ്ങൾ എന്നിവയെ അവഗണിച്ച് പ്രവർത്തിച്ചു. സ്വന്തം സമയം, ശക്തി, സൗകര്യങ്ങൾ എല്ലാം ദൈവഹിതത്തിനായി ത്യാഗം ചെയ്യാൻ അവർ തയ്യാറായി.

ഇവിടെ അവരുടെ ത്യാഗമനോഭാവം വളരെ വ്യക്തമായി പ്രകടമാകുന്നു. അവർ തങ്ങളുടെ വീട്ടുജോലികളും സ്വകാര്യജീവിതത്തിലെ ഉത്തരവാദിത്വങ്ങളും പിന്നിലാക്കി ദൈവപ്രവർത്തനത്തിന് മുൻഗണന നൽകി. "എനിക്ക് എന്ത് ലാഭം" എന്ന ചിന്തയേക്കാൾ "ദൈവഹിതം എന്താണ്" എന്ന ചോദ്യം അവരുടെ മനസ്സിൽ മുൻപന്തിയിലായിരുന്നു. ദൈവം ഏൽപ്പിച്ച ജോലി പൂർത്തിയാക്കുന്നതിന് വ്യക്തിഗത സൗകര്യങ്ങളെക്കാൾ ദൈവഹിതത്തിന് മുൻഗണന നൽകിയ സ്ത്രീകളായിരുന്നു അവർ.

ഇന്നത്തെ വിശ്വാസികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുടുംബങ്ങൾക്കും, ശല്ലൂമിന്റെ പുത്രിമാരുടെ ഈ ധൈര്യവും ത്യാഗമനോഭാവവും വലിയ ആത്മീയ പ്രചോദനമാണ്. ദൈവത്തിനുവേണ്ടി നിലനിൽക്കുമ്പോൾ എതിർപ്പുകളും ബുദ്ധിമുട്ടുകളും ഉണ്ടാകുമെങ്കിലും, വിശ്വാസത്തോടെ മുന്നോട്ട് പോകുന്നവർക്ക് ദൈവം ശക്തിയും അനുഗ്രഹവും നൽകുന്നു എന്ന സത്യമാണ് അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്.

4. കുടുംബ ഐക്യവും ആത്മീയ പാരമ്പര്യവും

നെഹെമ്യാവ് 3:12-ൽ ശല്ലൂമിനൊപ്പം അവന്റെ പുത്രിമാരെയും പ്രത്യേകം പരാമർശിക്കുന്നതു തന്നെ, ഈ കുടുംബം മുഴുവൻ ദൈവപ്രവർത്തനത്തിൽ ഐക്യത്തോടെ പങ്കെടുത്തിരുന്നുവെന്നതിന് ശക്തമായ തെളിവാണ്. ശല്ലൂം ഒറ്റയ്ക്ക് പ്രവർത്തിച്ചില്ല; അവന്റെ പുത്രിമാരെയും കൂടെ നിർത്തിയാണ് ദൈവം ഏൽപ്പിച്ച ദൗത്യത്തിൽ അവൻ പങ്കെടുത്തത്. ഇതിലൂടെ നമുക്ക് കാണാൻ കഴിയുന്നത്, ദൈവകാര്യത്തിൽ വ്യക്തിഗത വിശ്വാസത്തിനൊപ്പം കുടുംബ ഐക്യത്തിനും എത്രമേൽ പ്രാധാന്യമുണ്ടെന്ന സത്യമാണ്. ഒരു കുടുംബം ഒരുമിച്ച് ദൈവഹിതത്തിനായി നിൽക്കുമ്പോൾ, അത് ദൈവദൃഷ്ടിയിൽ ശക്തമായ സാക്ഷ്യമായി മാറുന്നു.

ശല്ലൂമിന്റെ പുത്രിമാർ ഈ പ്രവർത്തനത്തിൽ പങ്കെടുത്തത് യാദൃശ്ചികമായ ഒരു തീരുമാനമല്ല. പിതാവിന്റെ ജീവിതത്തിലൂടെ അവർ കണ്ട ദൈവഭക്തിയും വിശ്വാസവും തന്നെയാണ് അവരെ ഈ ദൗത്യത്തിലേക്ക് നയിച്ചത്. ശല്ലൂം തന്റെ വിശ്വാസം വാക്കുകളിലൊതുക്കിയില്ല; ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ജീവിതം തന്നെയാണ് അവൻ തന്റെ മക്കൾക്ക് മാതൃകയായി നൽകിയത്. പിതാവിന്റെ ഈ ആത്മീയ നിലപാട് പുത്രിമാരുടെ ഹൃദയങ്ങളിൽ ദൈവത്തെക്കുറിച്ചുള്ള ബോധവും ഉത്തരവാദിത്വവും വളർത്തി. അതുവഴി ആത്മീയ മൂല്യങ്ങൾ ഒരു തലമുറയിൽ നിന്നു മറ്റൊന്നിലേക്കു പകർന്നു നൽകപ്പെടുന്ന ഒരു മനോഹരമായ ആത്മീയ പാരമ്പര്യം നമുക്ക് ഇവിടെ കാണാം.

കുടുംബം ദൈവകാര്യത്തിൽ ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ അതിന്റെ ആത്മീയ ഫലം വളരെ വലുതാണ്. ഒരുമിച്ചുള്ള പ്രാർത്ഥന, ഒരുമിച്ചുള്ള സേവനം, ഒരേ ലക്ഷ്യത്തിലേക്കുള്ള യാത്ര എന്നിവ കുടുംബബന്ധങ്ങളെ കൂടുതൽ ശക്തമാക്കുന്നു. ശല്ലൂമും അവന്റെ പുത്രിമാരും മതിൽ പണിയിൽ പങ്കെടുത്തത്, ദൈവത്തിന്റെ വേലയെ കുടുംബത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥാപിച്ച ഒരു കുടുംബത്തിന്റെ സാക്ഷ്യമാണ്. ദൈവത്തിന് മുൻഗണന നൽകിയപ്പോൾ, അവരുടെ ബന്ധങ്ങളും ദൗത്യബോധവും കൂടുതൽ ആഴപ്പെട്ടു.

ഇന്നത്തെ കുടുംബങ്ങൾക്കുള്ള ശക്തമായ ഒരു സന്ദേശമാണ് ഈ സംഭവം നൽകുന്നത്. ആത്മീയ മൂല്യങ്ങൾ മക്കൾക്ക് പകർന്നു നൽകുന്നത് വാക്കുകളിലൂടെ മാത്രമല്ല, ദൈവത്തിനുവേണ്ടി ജീവിക്കുന്ന ഒരു ജീവിതത്തിലൂടെയാണ് ഏറ്റവും ഫലപ്രദമായി നടക്കുന്നത്. മാതാപിതാക്കൾ ദൈവകാര്യത്തിൽ സജീവമായി നിൽക്കുമ്പോൾ, മക്കളും അതേ വഴിയിൽ നടക്കാൻ പ്രചോദനം ലഭിക്കുന്നു. ശല്ലൂമിന്റെ കുടുംബം നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്, കുടുംബ ഐക്യത്തോടെ ദൈവഹിതത്തിനായി പ്രവർത്തിക്കുന്ന ഭവനങ്ങൾ ദൈവത്തിന്റെ പദ്ധതിയിൽ ശക്തമായ ഉപകരണങ്ങളായി മാറുന്നു.

5. ലിംഗഭേദമില്ലാത്ത ദൈവവിളി

ശല്ലൂമിന്റെ പുത്രിമാരുടെ ജീവിതം നമ്മോട് ശക്തമായി പ്രസംഗിക്കുന്ന ഒരു ആത്മീയ സത്യമാണ് ദൈവവിളിക്ക് ലിംഗഭേദമില്ല എന്നത്. ദൈവത്തിന്റെ ദൃഷ്ടിയിൽ പുരുഷനും സ്ത്രീയും തമ്മിൽ മൂല്യവ്യത്യാസമില്ല എന്നതാണ് ബൈബിൾ വ്യക്തമാക്കുന്നത്. ദൈവം മനുഷ്യരെ തിരഞ്ഞെടുക്കുന്നത് അവരുടെ ലിംഗം, സാമൂഹിക പദവി, പ്രായം എന്നിവ നോക്കിയല്ല; മറിച്ച് അവരുടെ ഹൃദയത്തിന്റെ ശുദ്ധിയും അനുസരണ മനസ്സുമാണ് അവൻ അന്വേഷിക്കുന്നത്.

നെഹെമ്യാവിന്റെ കാലഘട്ടത്തിൽ മതിലുകളുടെ പുനർനിർമ്മാണം വളരെ കഠിനവും അപകടകരവുമായ ഒരു ദൗത്യമായിരുന്നു. അത്തരം ഒരു ദൗത്യത്തിൽ ശല്ലൂമിന്റെ പുത്രിമാർ സജീവമായി പങ്കെടുത്തുവെന്നത്, സ്ത്രീകൾക്ക് പരിമിതികൾ ചുമത്തുന്ന മനുഷ്യരുടെ ചിന്താഗതിയെ ദൈവം എത്രമാത്രം മറികടക്കുന്നതാണെന്ന് നമ്മെ പഠിപ്പിക്കുന്നു. അവർ "പുരുഷന്മാരുടെ ജോലി" എന്ന് കരുതപ്പെട്ട ഒരു ദൗത്യത്തിൽ പങ്കാളികളായപ്പോൾ, ദൈവവചനം അതിനെ അഭിമാനത്തോടെ രേഖപ്പെടുത്തി. ഇതിലൂടെ ദൈവം നമ്മോട് പറയുന്നത് വളരെ വ്യക്തമാണ്: ദൈവരാജ്യത്തിലെ സേവനങ്ങൾ ലിംഗത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്നില്ല.

ദൈവം അന്വേഷിക്കുന്നത് ശരിയായ മനസ്സുള്ള, വിശ്വസ്തമായ, അനുസരണയുള്ള ഹൃദയങ്ങളെയാണ്. ആ ഹൃദയം പുരുഷനുടേതായാലും സ്ത്രീയുടേതായാലും, ദൈവത്തിന് ഒരുപോലെ പ്രിയമാണ്. ശല്ലൂമിന്റെ പുത്രിമാരെക്കുറിച്ചുള്ള പരാമർശം, സ്ത്രീകളുടെ സേവനവും പരിശ്രമവും ദൈവത്തിന്റെ മുമ്പാകെ ഒരിക്കലും അവഗണിക്കപ്പെടുന്നില്ലെന്ന ഉറച്ച സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യർ കാണാതെ പോകുന്ന സേവനങ്ങൾ പോലും ദൈവത്തിന്റെ കണക്കിൽ അമൂല്യമാണ്.

ഇന്നത്തെ സഭയ്ക്കും സമൂഹത്തിനും ഈ സന്ദേശം അത്യന്തം പ്രസക്തമാണ്. സ്ത്രീകളുടെ ആത്മീയ കഴിവുകളെയും സേവന താല്പര്യങ്ങളെയും ചെറുതാക്കി കാണുന്ന പ്രവണതകൾ ദൈവികമല്ല. ദൈവം വിളിച്ചിടത്ത്, അവൻ തന്നെയാണ് ശക്തി നൽകുന്നതും വഴിയൊരുക്കുന്നതും. ശല്ലൂമിന്റെ പുത്രിമാരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്, ദൈവവിളിയിൽ പുരുഷനും സ്ത്രീയും ഒരുപോലെ പങ്കാളികളാണ്; ദൈവത്തിന്റെ പ്രവർത്തനത്തിൽ എല്ലാവർക്കും സ്ഥാനം ഉണ്ട്.

അതുകൊണ്ട്, ഈ വചനഭാഗം നമ്മെ ആഹ്വാനം ചെയ്യുന്നത്, ലിംഗപരമായ പരിധികൾ മാറ്റിവെച്ച് ദൈവത്തിന്റെ വിളിക്കു മറുപടി പറയാനും, ലഭിക്കുന്ന അവസരങ്ങളിൽ വിശ്വസ്തരായി പ്രവർത്തിക്കാനുമാണ്. ദൈവം എഴുതിവെക്കുന്ന ചരിത്രത്തിൽ, അനുസരണയുള്ള ഓരോ ഹൃദയത്തിനും അവന്റെ കൈയിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ട്.

6. ഇന്നത്തെ വിശ്വാസികൾക്കുള്ള ആത്മീയ പാഠങ്ങൾ

ശല്ലൂമിന്റെ പുത്രിമാരുടെ ജീവിതവും സേവനവും ഇന്നത്തെ സഭയ്ക്കും കുടുംബങ്ങൾക്കും അതീവ പ്രചോദനകരമായ ആത്മീയ പാഠങ്ങളാണ് നൽകുന്നത്. അവർ ജീവിച്ച കാലഘട്ടം വ്യത്യസ്തമായിരുന്നുവെങ്കിലും, അവരുടെ മനോഭാവവും ദൈവത്തോടുള്ള സമർപ്പണവും ഇന്നത്തെ വിശ്വാസികൾക്കും അത്ര തന്നെ പ്രസക്തമാണ്. ദൈവത്തിന്റെ വേലയിൽ അവർ പങ്കാളികളായ രീതി, ഇന്നത്തെ ആത്മീയ ജീവിതത്തെ പുതുക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

ആദ്യമായി, സ്ത്രീകൾക്ക് സഭയിലും സമൂഹത്തിലും ദൈവം നൽകിയിരിക്കുന്ന ദൗത്യം തിരിച്ചറിയേണ്ടതിന്റെ ആവശ്യകത ശല്ലൂമിന്റെ പുത്രിമാർ ശക്തമായി ഓർമ്മിപ്പിക്കുന്നു. ദൈവരാജ്യത്തിലെ സേവനം പുരുഷന്മാർക്ക് മാത്രമായി പരിമിതമല്ല എന്ന സത്യം അവരുടെ ജീവിതം സാക്ഷ്യപ്പെടുത്തുന്നു. സ്ത്രീകളുടെ കഴിവുകളും ആത്മീയ ആഗ്രഹങ്ങളും ദൈവത്തിന്റെ പദ്ധതിയിൽ പ്രധാനപ്പെട്ടവയാണ്. അതിനാൽ, സ്ത്രീകൾ സ്വന്തം വിളിയെ ചെറുതായി കാണാതെ, ദൈവം ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ ധൈര്യത്തോടെയും വിശ്വാസത്തോടെയും ഏറ്റെടുക്കണമെന്ന് അവരുടെ ജീവിതം നമ്മെ പ്രേരിപ്പിക്കുന്നു.

രണ്ടാമതായി, കുടുംബങ്ങൾ ദൈവസേവനത്തിൽ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അവർ നമ്മെ പഠിപ്പിക്കുന്നു. ശല്ലൂമിന്റെ പുത്രിമാർ അവരുടെ കുടുംബത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ദൈവത്തിന്റെ വേലയിൽ പങ്കെടുത്തു. ഇത്, ആത്മീയ സേവനം വ്യക്തിഗതമായ ഒന്നായി മാത്രം കാണാതെ, കുടുംബജീവിതത്തിന്റെ ഭാഗമാകേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ഒരുമിച്ച് പ്രാർത്ഥിക്കുന്നതും, ഒരുമിച്ച് പ്രവർത്തിക്കുന്നതും, ഒരുമിച്ച് ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളികളാകുന്നതുമാണ് ഒരു കുടുംബത്തെ ആത്മീയമായി ശക്തമാക്കുന്നത്.

മൂന്നാമതായി, സാഹചര്യം എത്ര പ്രതികൂലമായാലും ദൈവത്തിന്റെ വേലയ്ക്കായി മുന്നോട്ട് വരാൻ തയ്യാറാകുന്ന മനസ്സാണ് ദൈവം വിലമതിക്കുന്നത് എന്ന സത്യം അവരുടെ ജീവിതം വ്യക്തമാക്കുന്നു. മതിൽ പുനർനിർമ്മാണം അപകടസാധ്യതകളും ബുദ്ധിമുട്ടുകളും നിറഞ്ഞ ഒരു ദൗത്യമായിരുന്നു. എന്നിരുന്നാലും, ആ വെല്ലുവിളികൾ അവരെ പിന്തിരിപ്പിച്ചില്ല. ദൈവത്തിന്റെ വേലയിൽ പങ്കാളികളാകാൻ അവർ തയ്യാറായി മുന്നോട്ട് വന്നു. ഇത് നമ്മെ പഠിപ്പിക്കുന്നത്, അനുകൂല സാഹചര്യങ്ങൾ ഉണ്ടാകുന്നത് കാത്തിരിയ്ക്കാതെ, വിശ്വാസത്തോടെയും ധൈര്യത്തോടെയും ദൈവവിളിക്ക് പ്രതികരിക്കണമെന്നതാണ്.

അങ്ങനെ, ശല്ലൂമിന്റെ പുത്രിമാരുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്ക് ഒരു ആത്മീയ ദിശാസൂചികയാണ്. ദൈവം അന്വേഷിക്കുന്നത് പൂർണ്ണതയുള്ള സാഹചര്യങ്ങളെയല്ല, മറിച്ച് സമർപ്പിതവും അനുസരണയുള്ള ഹൃദയങ്ങളെയാണ്. ദൈവത്തിന്റെ വേലയിൽ പങ്കാളികളാകാൻ തയ്യാറാകുന്ന ഓരോരുത്തരെയും ദൈവം തന്റെ മഹത്തായ പദ്ധതിയുടെ ഭാഗമാക്കുന്നു എന്നാണ് അവരുടെ മാതൃക നമ്മെ ഓർമ്മിപ്പിക്കുന്നത്.

നെഹെമ്യാവ് 3:12-ൽ പരാമർശിക്കുന്ന ശല്ലൂമിന്റെ പുത്രിമാർ ബൈബിളിൽ പേരുകളോടെ പരിചയപ്പെടുത്തപ്പെടുന്നില്ലെങ്കിലും, അവരുടെ ജീവിതവും സേവനവും ദൈവവചനത്തിൽ അനശ്വരമായി രേഖപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയമായ സത്യം. മനുഷ്യരുടെ കണക്കിൽ അവർ ചെറുതായോ അവഗണിക്കപ്പെട്ടതായോ തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ കണക്കിൽ, അവരുടെ സമർപ്പണവും പരിശ്രമവും അത്യന്തം വിലപ്പെട്ടവയായി മാറി. ദൈവത്തിന്റെ ചരിത്രരചനയിൽ, പേരിനേക്കാൾ പ്രധാനമാണ് വിശ്വസ്തതയോടെ ചെയ്ത സേവനം എന്ന സത്യം അവരുടെ ജീവിതം തെളിയിക്കുന്നു.

ശല്ലൂമിന്റെ പുത്രിമാർ ദൈവകാര്യത്തിൽ സജീവ പങ്കാളിത്തം എങ്ങനെയായിരിക്കണം എന്നതിന്റെ ഉജ്ജ്വല മാതൃകകളാണ്. ഭയവും അപകടസാധ്യതയും നിറഞ്ഞ സാഹചര്യങ്ങളിൽ പോലും, അവർ പിൻമാറാതെ മുന്നോട്ട് വന്നു. അവരുടെ ജീവിതത്തിൽ നാം ധൈര്യം, ത്യാഗം, വിശ്വാസപൂർണ്ണമായ അനുസരണം എന്നിവ ഒരുമിച്ച് പ്രവർത്തിക്കുന്നത് നമുക്ക് കാണാം. ശല്ലൂമിന്റെ പുത്രിമാർ ദൈവത്തിന്റെ വേല സൗകര്യപ്രദമായിരിക്കണം, അപകടമില്ലാത്തതാകണം, ശ്രമം കുറവായിരിക്കണം എന്ന നിബന്ധനകൾ വച്ചില്ല.

അതുപോലെ തന്നെ, കുടുംബ ഐക്യത്തിന്റെ ആത്മീയ ശക്തിയും ശല്ലൂമിന്റെ പുത്രിമാർ നമ്മെ പഠിപ്പിക്കുന്നു. കുടുംബം എന്ന ഘടകത്തെ ദൈവത്തിന്റെ ദൗത്യത്തിൽ നിന്ന് വേർതിരിച്ച് കാണാതെ, അതിന്റെ ഭാഗമാക്കി മാറ്റുന്ന ഒരു ദൈവഭക്തമായ സമീപനമാണ് അവരുടെ ജീവിതത്തിൽ കാണുന്നത്. ഒരുമിച്ച് പ്രവർത്തിക്കുന്ന കുടുംബത്തിന് ദൈവരാജ്യത്തിൽ എത്ര വലിയ സ്വാധീനം ചെലുത്താൻ കഴിയും എന്നതിന് അവരുടെ ജീവിതം ഒരു സാക്ഷ്യമാണ്.

കൂടാതെ, ലിംഗഭേദമില്ലാത്ത ദൈവവിളിയുടെ ശക്തമായ പ്രഖ്യാപനവുമാണ് ശല്ലൂമിന്റെ പുത്രിമാർ. ദൈവം സ്ത്രീകളുടെ സേവനത്തെ അവഗണിക്കുന്നില്ല; മറിച്ച്, വിശ്വസ്തമായി ചെയ്ത ഓരോ സേവനവും അവന്റെ മുമ്പാകെ അമൂല്യമാണെന്ന് അവരുടെ ജീവിതം ഉറപ്പുനൽകുന്നു. പുരുഷനും സ്ത്രീയും ഒരുപോലെ ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളികളാണെന്ന സത്യം ഈ വചനഭാഗം വ്യക്തമായി നമ്മെ ഓർമ്മിപ്പിക്കുന്നു.

❑



വനിത ശിശു വികസന വകുപ്പിന്റെ 2024-25 വർഷത്തെ മികച്ച അംഗനവാടി വർക്കർക്കുള്ള സംസ്ഥാന അവാർഡ്, കേരള സംസ്ഥാന ആരോഗ്യ ശിശു-ക്ഷേമ, സാമൂഹ്യ വികസന വകുപ്പ് മന്ത്രി വീണാ ജോർജ്ജിൽ നിന്നും ലില്ലി ജോസ് മുണ്ടക്കിലേത്ത് ഏറ്റുവാങ്ങി. നരിയാപുരം ഇമ്മാനുവേൽ ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.



മികച്ച അംഗനവാടി വർക്കർക്കുള്ള സംസ്ഥാന അവാർഡ് മന്ത്രി വീണാ ജോർജിൽ നിന്ന് ചൂളപ്പുരയ്ക്കൽ ഷീബാ ദാനിയേൽ ഏറ്റുവാങ്ങി. വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

എല്ലാ മരിച്ചവരുടെയും ഞായറാഴ്ച (ആനീദേ ഞായർ)

(ലൂക്കോസ് 12:32-49)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

സ്നേഹം കൊണ്ടും പ്രത്യാശ കൊണ്ടും ഹൃദയങ്ങൾ നിറയുന്ന ഒരു ദിനമാണ് ഇന്ന്. “വിശ്വാസത്താൽ ഹാബേൽ മരണ ശേഷവും സംസാരിച്ചുകൊണ്ടിരുന്നുവെന്ന്” എബ്രായർ 11:4 നമ്മെ ഓർമിപ്പിക്കുന്നു. വാങ്ങിപ്പോയ വിശ്വാസികളായ ഏവരും ഇന്നും നമ്മുടെ സ്നേഹ വലയത്തിൽ സജീവമായി ഉണ്ടെന്നും പ്രത്യാശയുടെ ആ വലിയ ദിവസത്തിൽ അവരെ വീണ്ടും കാണാമെന്നുമുള്ള ഉറപ്പുമാണ് ഈ ദിവസത്തെ വേറിട്ട് നടത്തുന്നത്. ഇന്നത്തെ വേദഭാഗം ഇതിന്റെ പശ്ചാത്തലത്തിൽ ശ്രദ്ധേയമായ രണ്ടു ചിന്തകൾ ഉയർത്തിപ്പിടിക്കുന്നുണ്ട്.

പ്രവാസകാലം വിശ്വസ്തതയോടെ ജീവിക്കണം

സ്വർഗ്ഗരാജ്യത്തെ കുറിച്ചുള്ള അതിമനോഹരമായ ഒരു ദർശനത്തോടുകൂടിയാണ് ഇന്നത്തെ വേദഭാഗം ആരംഭിക്കുന്നത്. നശിച്ചുപോകുന്നതായ ഈ ഭൂമിയിൽ നിക്ഷേപിക്കാതെ ഒരിക്കലും നശിക്കാത്ത സ്വർഗ്ഗത്തിൽ മടിശീലകളും നിക്ഷേപങ്ങളും സൂക്ഷിക്കുവാൻ നമ്മെ ഓർമിപ്പിക്കുകയാണ്. ഭൂമി സ്വർഗ്ഗം എന്നിങ്ങനെ രണ്ടായി പറയുന്നു എന്നതിനപ്പുറത്ത് ഓരോ മനുഷ്യനും ശ്രദ്ധിക്കേണ്ട രണ്ട് ഇടങ്ങളായി വേണം നമുക്ക് ഇതിനെ മനസ്സിലാക്കുവാൻ വാങ്ങിപോയവരെ ഓർക്കുന്ന ഈ ദിവസം ഏറ്റവും ശ്രദ്ധയോടെ മനസ്സിലാക്കേണ്ട ഒന്നാണ് ഈ ദ്വന്ദം. താൽക്കാലികയിടങ്ങളിൽ നിക്ഷേപിക്കാതെ സ്ഥിരമായി ഇടങ്ങളിൽ നിക്ഷേപിക്കുക എന്നതാണ് പ്രവാസ ജീവിതത്തിൻറെ തത്വം. എപ്പോൾ വേണമെങ്കിലും അവസാനിക്കാവുന്ന ഒരു പ്രവാസകാലമാണ് ഈ ഭൂമിയിലെ ജീവിതമെന്നും ഓരോ പ്രവാസിയും ആഗ്രഹിക്കേണ്ട സ്വന്തയിടം മറ്റൊന്നാണെന്നും ഈ വേദഭാഗം നമ്മെ ഓർമിപ്പിക്കുന്നു.

ഈ ലോകത്തിൽ ലഭിക്കുന്ന ഓരോ നിമിഷവും വിശ്വസ്തതയോടും ഭയത്തോടും കഴിച്ചുകൂട്ടുവാനുള്ള ശക്തമായ ആഹ്വാനം നമുക്ക് ലഭിക്കുന്നുണ്ട്. ഒരു പുരുഷായുസ്സ് മുഴുവൻ യാത്ര ചെയ്ത അബ്രഹാം വാഗ്ദത്ത ദേശത്ത് എത്തിയതിനുശേഷം നടത്തുന്ന ഒരു കാത്തിരിപ്പിനെപ്പറ്റി എബ്രായ ലേഖന കർത്താവ് നമ്മെ ഓർമിപ്പിക്കുന്നുണ്ട് (എബ്രായര് 9:4) ‘വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്നതുപോലെ എത്തുകയും വാഗ്ദത്തത്തിന് കൂട്ടവകാശികളായ ഇസഹാക്കിനോട് യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായുള്ളതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനു വേണ്ടി കാത്തിരുന്നു.” ഓരോ വിശ്വാസിയും ജീവിതത്തിൽ ലഭിക്കുന്ന നിമിഷങ്ങളെ നിത്യമായ ഇടത്തിനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ നിമിഷങ്ങളായി വേണം അടയാളപ്പെടുത്തുവാൻ അതുകൊണ്ടുതന്നെ ഈ “പ്രവാസ കാലം ഭയത്തോടെ കഴിച്ചു കൂട്ടണമെന്ന്” പത്രോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു (1 പത്രോസ് 1:17) ഞാന് ആയിരിക്കുന്ന ഇടം എന്റേതല്ല എന്ന ബോധ്യത്തിലേക്ക് ഓരോരുവാനും ഉയരുവാന് കഴിയുന്നിടത്ത് നമ്മുടെ ഈ ലോക ജീവിതം കുറെക്കൂടെ അര്ഥപൂര്ണ്ണമാകുകയാണ്.

ഓരോ വിശ്വാസിയും ജീവിതത്തിൽ അനുദിനം ഓർത്തിരിക്കേണ്ട നാല് കാര്യങ്ങളെ സഭാ പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നുണ്ട് 1) മരണം 2) ന്യായവിധി 3) സ്വർഗം 4) നരകം. ഇവയെ ശ്രദ്ധ വച്ച് ജീവിക്കേണ്ടതാകയാൽ ഇന്നിന്റെ പ്രവാസ കാലം വിശ്വസ്തതയോടെ ജീവിക്കണം.

മടങ്ങിവരവിനെ കുറിച്ചുള്ള അവബോധത്തിൽ ജീവിക്കുക




ക്രിസ്തീയ ജീവിതത്തിന്റെ ഏറ്റവും വലിയ പ്രത്യാശ നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവാണ്. വന്നവനും വരുവാനിക്കുന്നവനും എന്ന് ചൊല്ലി ഓരോ പ്രാർത്ഥനയും തുടങ്ങുന്ന നാം ഈ രണ്ട് വരവുകളുടെ ഇടയിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്ന ജീവിതങ്ങളാണ് നമ്മുടേത് എന്ന് പലപ്പോഴും മറന്നുപോകാറുണ്ട്. യജമാനന്റെ മടങ്ങിവരവ് സുനിശ്ചിതമാണ് എന്ന ബോധ്യത്തോടെ കാത്തു നിൽക്കുന്നവരും മടങ്ങി വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണപ്പെടുകയും ചെയ്യുന്നവരുമായ ദാസന്മാർ ഭാഗ്യവാന്മാർ എന്നാണ് ഈ വേദഭാഗം ഓർമിപ്പിക്കുന്നത്. നമ്മുടെ കർത്താവിന്റെ മടങ്ങി വരവിൽ മുഖപ്രസാദത്തോടുകൂടി അവനെ എതിരേൽക്കുവാൻ നമുക്ക് സാധിക്കുമോ എന്നതാണ് ഈ നാളുകളിൽ നാം നേരിടുന്ന ചോദ്യം.

പ്രത്യാശയോടെയുള്ള കാത്തിരിപ്പിന്റെ ജീവിതമാണ് ഈ ലോകജീവിതം. ലോകപ്രകാരമുള്ള മരണം ആ കാത്തിരിപ്പിന് ഒരു വിഘാതമേ ആകുന്നില്ല. 1 കൊരി. 15:20-23 ൽ ക്രിസ്തു നിദ്ര കൊണ്ടവരുടെ ആദ്യ ഫലം എന്ന് പറയുകയാണ്. വരുവാനിരിക്കുന്ന സകല ഫലങ്ങളുടെയും സൂചനയാണ് ആദ്യ ഫലം അങ്ങനെയെങ്കിൽ ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റത് പോലെ ഓരോ വിശ്വാസിയും മരണത്തെ വിട്ട് ഉയർത്തെഴുന്നേൽക്കും. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും. ഈ വലിയ പ്രത്യാശയാണ് യജമാനന്റെ മടങ്ങിവരവ് എന്ന മഹാ ദിവസത്തിലേക്ക് നോക്കി പാർക്കുന്ന നമുക്കുണ്ടാകേണ്ടത്.

❑

They who believes in me, shall live- even if they die

Sunday of all those faithful departed. (St. Luke 12:32–49)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

Before we begin the Great Lent, the holy period of pilgrimage toward the Resurrection of our Lord, we remember all those who have departed from us. This is because we do not undertake this pilgrimage alone. Along with us, all our ancestors who have departed are also our fellow travellers. We believe that their presence is with us even in our worship. “Therefore, since we are surrounded by such a great cloud of witnesses, let us throw off everything that hinders and the sin that so easily entangles. And let us run with perseverance the race marked out for us” (Hebrews 12:1). It is a most noble and blessed thing for us to remember the parents and teachers who passed this faith down to us.

When we study the Holy Scriptures, we can see a tradition of remembering the departed right from the Old Testament times. Instead of saying “died” in the Old Testament, the phrase used is “breathed his last and was gathered to his fathers”. “Abraham lived a long life and died at a good old age... and he was gathered to his people” (Genesis 25:8).

“When Jacob had finished giving instructions to his sons, he drew his feet up into the bed, breathed his last and was gathered to his people” (Genesis 49:33).

“There on the mountain that you have climbed you will die and be gathered with your people, just as your brother Aaron died on Mount Hor and was gathered to his people” (Deuteronomy 32:50).

The indication in these verses is that after life in this world, one enters into a living relationship with their ancestors. Similarly, we see great care being taken to bury the physical body with sanctity and to preserve that location for generations. In Genesis chapter 50, we read that when Jacob died, Joseph took him from Egypt to the tomb of his forefathers in the land of Canaan to bury him. Furthermore, Joseph made his sons swear an oath that when God leads them back to the land of Canaan, they must carry his bones along with them.

In the Holy Scriptures, death is understood on two levels: (1) Physical death and (2) Spiritual death. When the soul and body separate, the body returns to the earth from which it was taken, and the soul joins the God who gave it. We read in the Holy Bible that the first person to attain physical death was Abel (Genesis 4:8). It is a reality that death is certain for everyone who is born. The Holy Bible witnesses that a conversation with God is possible for those who have attained physical death even after their passing. Through the death and resurrection of Christ, the salvation and redemption of the entire human race were made possible. “For as in Adam all die, so in Christ all will be made alive” (1 Corinthians 15:22). Lord Jesus declares: “I am not the God of the dead, but the God of Abraham, Isaac, and Jacob” (St. Matthew 22:32).

The Lord converses about His impending sufferings and departure in Jerusalem with Moses, who died centuries ago, and Elijah, who was taken to heaven bodily, appearing on the Mount of Transfiguration. The promise given to the thief crucified along with Him on Calvary was, “Today (after death) you will be with me in Paradise” (St. Luke 23:43). In 1 Peter 4:6, we read that “the gospel was preached even to those who are now dead.” Through this, the experience attained by human souls after death is made clear. From this, we can understand that they are able to hear the gospel, converse with God, and repent. For a believer, there is no death. He joins with Christ and becomes an heir to eternal life (Hebrews 2:9). In the Gospel reading of the Matins (Morning Prayer), we read: “Amen, amen, I say to you, a time is coming when the dead will hear the voice of the Son of God and those who hear will live. ...a time is coming when all who are in their graves will hear his voice-those who have done what is good will rise to live, and those who have done what is evil will rise to be condemned” (St. John 5:25–29).

The scripture portion for this day, which remembers all the faithful departed, is St. Luke 12:32-49. In the Old Testament readings, it is Deuteronomy 34:1-12. In that passage, we read about Moses dying at the age of 120 in the land of Moab, and the Israelites mourning for Moses for 30 days after his death. Additionally, in Joshua 24:29-30, the death of Joshua and the death of Eleazar, son of Aaron, are described. We also read (in Ezekiel) about dry bones gaining flesh, coming to life, becoming living beings, and turning into a great army. A reading from the Second Book of Maccabees is also arranged in today’s Old Testament readings. It describes how Judas Maccabeus collected funds to offer a sin offering for the soldiers who fell in battle while carrying tokens of idols.

In the Epistle readings, we read from the Epistle of St. James 4:6 - 5:6. To those of you who think, “Tomorrow we will do this or that,” you do not know about tomorrow. Is not your life like a vapor that appears for a little while and then vanishes? Instead, you ought to say, “If it is the Lord’s will, we will live and do this or that.” In 1 Corinthians 15:20-28, it describes the destruction of the last enemy, death. It gives us the hope that just as all die in Adam, all shall live in Christ.

In today’s Gospel portion, there is a call to store up in heaven a treasure that does not grow old. “For where your treasure is, there your heart will be also.” Therefore, we must ensure our treasure is in God. “Provide yourselves with purses that will not wear out, a treasure in heaven that will never fail, where no thief comes near and no moth destroys. Let your loins be girded and your lamps burning. Blessed are those servants whom the master finds watching when he comes. ...You also must be ready, because the Son of Man will come at an hour when you do not expect him” (St.

Luke 12:35–40). This scripture portion exhorts us to be prepared because we do not know when the second coming of the Lord will occur. This passage reminds us how we should be prepared- by waiting with alertness, faithfulness, and hope.

We must wait with Alertness

"Let your loins be girded and your lamps be burning." For the loins to be girded and lamps to be burning at all times, alertness is essential. The "loins" and the "lamp" symbolize our spiritual and worldly preparation. We get the indication here that we must always be prepared both spiritually and worldly. "Wake up, sleeper, rise from the dead, and Christ will shine on you" (Ephesians 5:14). We are exhorted to live in this world with alertness, waking up without falling into sin. Whether He comes in any watch of the night, be it the second or the third, we must be found alert.

The second or third watch refers to the deepest hours of the night. This indicates the unexpected nature of the Second Coming. These three watches also symbolize the three stages of human life: the first watch represents childhood, the second represents youth, and the third represents old age. We must be more attentive during the second and third watches. This is because, compared to childhood, it is during youth and old age that we are more likely to fall into temptations and drift away from Christ. Therefore, we must live with greater alertness during these periods. For "sin is crouching at your door; its desire is for you" (Genesis 4:7).

We Must Wait with Faithfulness

No matter what time the master arrives, we must be able to wait with faithfulness, prepared to welcome him. We do not know when the second coming of the Lord will happen. The day of the Lord comes like a thief in the night. We must be able to wait with internal preparation rather than through outward displays meant for others to see. We must live before God in holiness and truth, avoiding an unrighteous life. The master will appoint those servants whom he finds faithful upon his arrival as stewards over all his possessions. The responsibility of a faithful servant is to distribute food to the fellow workers at the proper time. What is described here is a sacramental life led with faithfulness.

Are we able to live faithfully to ourselves in our personal lives? Are we able to maintain faithfulness toward God and society? Through a sacramental life and purity of living, we must be able to wait for Christ with faithfulness. "Be holy, because I am holy" (1 Peter 1:16).

We Must Wait with Hope

"Therefore, with minds that are alert and fully sober, set your hope on the grace to be brought to you when Jesus Christ is revealed at his coming" (1 Peter 1:13). We must live with hope regarding the end of the age. We must live in the hope of the Lord's second coming. This is exactly what we profess in the Creed: "He will come again in great glory to judge both the living and the dead." We must wait with hope for Him who is to come again.

The Lord will invite those He finds prepared with hope at His second coming to the heavenly feast; He Himself will stand as the servant and provide all heavenly blessings. The experience of the Lord washing the feet of His disciples is a true picture of this parable where the master himself serves his servants. We should not eat, drink, and carouse without hope, thinking that the master is delayed in coming. The master can come at any time. Therefore, it is our duty to perform the responsibilities entrusted to us according to the master's will. If we live without hope, forgetting our duty, the master will cast us out from the company of His servants. Whether we are servants or managers, each person must fulfill the responsibility entrusted to them with faithfulness and hope.

The departed are those who stand ready to light their lamps and welcome the Bridegroom when He comes. The Lord has ascended to the Father's presence to prepare a place for us. The greatest unchanging promise given to us is that He will prepare a place for us and return to take us with Him. Although separation from this world is painful in a worldly sense, if we believe that departing from this sinful world to join the Lord is a blessed state, death will no longer be distressing. Even though death is unexpected and the void it leaves is a reality, the living words of the Lord give us comfort and hope: "He who believes in me, even if he dies, shall live." Believing this, let us remember our departed loved ones at the Altar (Holy Qurbana).

Lent is a time of struggle against Satan. It is through the intercession of our forefathers that we are able to overcome the desires and temptations of this world. In ancient times, there was a custom of honouring ancestors and receiving their blessings before going to war. Here, before we enter the great battlefield of the Great Lent, we remember all our forefathers and enter the fast along with them.

❑



തുമ്പമൺ എംജി ഹയർ സെക്കൻഡറി സ്കൂൾ പ്ലാറ്റിനം ജൂബിലി സമാപനവും ഹയർ സെക്കൻഡറി വിഭാഗം രജതജൂബിലി ആഘോഷവും മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

എംജി ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷ സമാപനം

തുമ്പമൺ: വിദ്യാഭ്യാസം വെറും തൊഴിൽ നേടാനുള്ള മാർഗം മാത്രമല്ലെന്നും സാമൂഹികനീതിയുടെയും പുരോഗതിയുടെയും അടി സ്ഥാനമാണെന്നും മന്ത്രി വീണാ ജോർജ്. എംജി ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലി സമാപനവും ഹയർ സെക്കൻഡറി വിഭാഗത്തിന്റെ രജതജൂബിലി ആഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

പിടിഎ പ്രസിഡന്റ് ഷിബു കെ. ഏബ്രഹാം അധ്യക്ഷനായി. ഡോ. ഏബ്രഹാം മാർ സെറാഫിം മുഖ്യപ്രഭാഷണം നടത്തി. വിരമിക്കുന്ന പ്രിൻസിപ്പൽ ഡോ. മാത്യു പി. ജോർജ്, പ്രഥമാധ്യാപകൻ റോയ് ജോൺ, അധ്യാപിക എലിസബത്ത് മാത്യു എന്നിവർക്ക് അദ്ദേഹം പുരസ്ക്കാരം നൽകി. ഫാ. ജിജി സാമുവൽ ഫോട്ടോ അനാഛാദനം നിർവഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് ടി. എ. രാജേഷ് കുമാർ അവാർഡ് ദാനം നടത്തി. ബ്ലോക്ക് പഞ്ചായത്ത് അംഗം രഞ്ജു എം.ജോയ്, പഞ്ചായത്ത് അംഗം ഷൈനി ജോൺസൺ, പ്രിൻസിപ്പൽ ഡോ.മാത്യു പി ജോർജ്, റോയ് ജോൺ, എലിസബത്ത് മാത്യു, സീനിയർ അസിസ്റ്റന്റുമാരായ സുസൻ കുരുവിള, ജെയ്സി ജോർജ്, അധ്യാപക പ്രതിനിധിക ളായ പി.ജെ.വിജി, രജിനി ജോൺ, വിദ്യാർഥിനി ഐശ്വര്യ എസ്. സക്കറിയ എന്നിവർ പ്രസംഗിച്ചു. സ്കൂൾ കലോത്സവത്തിലും കായികമേളയിലും വിജയികളായവരെയും വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും അനുമോദിച്ചു. സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാമിനെ ഡോ. ഏബ്രഹാം മാർ സെറാഫിം ആദരിച്ചു.

നിഴലിന്റെ മരണവും പ്രവാചകന്റെ കലഹവും

ഫാ. അജീഷ് ബാബു

ഈ കാലം, ഈ മനുഷ്യർ, ഈ സമയം, ഈ സാഹചര്യം, ഒക്കെ നാളെ മാറിയേക്കാം ഇത് തിരിച്ചറിയാത്ത അവരെല്ലാം നിനവെലേക്ക് നാശം നോക്കിയിരിക്കുന്ന യോനായെ പോലെയാണ്. അയാൾ അന്ധമായി, താൻ പറഞ്ഞ സുവിശേഷ വാക്കുകൾ ന്യായവിധിയുടെ വാക്കുകൾ വീണ്ടെടുപ്പിന്റെയും പ്രത്യാശയുടെയും സുവിശേഷമല്ല എന്ന് വിശ്വസിച്ചു.

നിനവെയുടെ മതിലുകൾക്കപ്പുറം, കിഴക്കൻ വെളിച്ചം നേരെ വീഴുന്ന സ്ഥലത്ത്, യോനാ ഒരു കുടിൽ പണിതിരുന്നു. അത് താമസിക്കാനുള്ള ഇടമല്ല; കാത്തിരിപ്പിനുള്ള ഇടമായിരുന്നു. വിധിയുടെ പൂർത്തിയാകാത്ത വാക്യത്തെപ്പോലെ, അവന്റെ കുടിലും തുറന്ന നിലയിലായിരുന്നു.

അവൻ അവിടെ ഇരുന്നത് വിശ്രമിക്കാനല്ല; നാശം കാണാനായിരുന്നു. ദൈവവചനത്തിന്റെ കത്തുന്ന അറ്റം ഇനിയും കെടുത്തപ്പെട്ടിട്ടില്ലെന്ന വിശ്വാസത്തോടെ. മനുഷ്യരുടെ കണ്ണുനീർ ദൈവത്തിന്റെ തീരുമാനത്തെ മാറ്റിമറിക്കുമെന്ന ആശയം അവനു സഹിക്കാനായില്ല. കരുണ അവന്റെ ദൈവശാസ്ത്രത്തിൽ ഒരു അപവാദമായിരുന്നു; നീതി മാത്രമായിരുന്നു നിയമം.

ആവണക്ക് അവന്റെ മേൽ വളർന്നു. ആരോ ദൈവം തന്ന നിഴൽ. ഒരു രാത്രിയിൽ വിരിഞ്ഞ പച്ചപ്പിൽ, യോനയ്ക്ക് ദൈവത്തോടുള്ള ഏറ്റവും ശുദ്ധമായ ബന്ധം ഉണ്ടായി കൃതജ്ഞതയുടെ ബന്ധം അല്ല, ആശ്വാസത്തിന്റെ ബന്ധം. നിനവെയുടെ തെരുവുകളിൽ ആയിരങ്ങൾ ശ്വാസമെടുക്കുന്നത് അവനെ സന്തോഷിപ്പിച്ചില്ല; എന്നാൽ ഒരു ചെടിയുടെ നിഴൽ അവനെ ജീവിപ്പിച്ചു.

അവൻ നഗരത്തെ നോക്കി. തീ വീഴാത്ത വീടുകൾ. ഇടിഞ്ഞുവീഴാത്ത ഗോപുരങ്ങൾ. ശിക്ഷയുടെ പുക ആകാശത്തേക്ക് ഉയരുന്നില്ല. ഓരോ നിമിഷവും, പ്രവാചകന്റെ വാക്കുകൾ തന്നെ അവനെ കുറ്റപ്പെടുത്തുന്നപോലെ തോന്നി. ദൈവം ശരിയായില്ല; മനുഷ്യർ രക്ഷപ്പെട്ടു. അവൻ നീതിയുടെ വശത്തായിരുന്നു; ദൈവം കരുണയുടെ വശത്തും.

പിന്നീട്, നിശ്ശബ്ദമായി, കീടം വന്നു. ദൈവത്തിന്റെ കൈപോലെ ചെറിയതും നിർണ്ണായകവുമായൊരു സ്പർശം.

നിഴൽ മരണം:

ജീവൻ നഷ്ടമായ ആവണക്ക് സുബോധങ്ങളുടെ വെളിച്ചം വിശന്നതാണ്. മതഅന്ധത തനിക്ക് തണുപ്പ് നൽകുന്ന ആവണക്കിനെ ചുറ്റിപ്പറ്റി ആണെങ്കിൽ, അതിനെ നശിപ്പിക്കുന്ന പുഴു മതഅന്ധതയ്ക്ക് മേലെ സുബോധങ്ങളുടെ ചൊറിച്ചിൽ നൽകുന്നതാണ്. സ്വയം മരിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം മനസ്സും ശരീരവും മാന്തി കീറി. ആവണക്കിന്റെ ജീവൻ ഉണങ്ങി, നിഴൽ പിന്മാറി. കിഴക്കൻ കാറ്റ് യോനയുടെ മുഖത്ത് ചൂടുപൊള്ളൽ വരച്ചു. അപ്പോഴാണ് അവൻ മനസ്സിലാക്കിയത്: ദൈവത്തിന്റെ കൃപ സ്ഥിരതയുള്ളതല്ല, സ്വതന്ത്രമാണ്.

അവൻ ചെടിക്കായി കരഞ്ഞു.

നിനവയിൽ ചിരിക്കാൻ മറന്നുപോയ ആളാണ് ദൈവത്തിന്റെ സുവിശേഷം പറഞ്ഞ യോനാ.

സുഹൃത്തേ നീ സുവിശേഷമല്ലേ പറഞ്ഞത് പുഞ്ചിരിക്കുക, ലോകത്ത് ദുഃഖിച്ചിരുന്ന് മാറ്റങ്ങൾ സൃഷ്ടിച്ചവരില്ല മറിച്ച് പുഞ്ചിരിയാൽ വിപ്ലവം സൃഷ്ടിച്ചവർ ഏറെയാണ്. നാശം സംഭവിക്കാത്ത പട്ടണത്തേക്കാൾ, നശിച്ചുപോയ ഒരു ചെടി അവന്റെ ഉള്ളിൽ വലിയ ശൂന്യം സൃഷ്ടിച്ചു. അവിടെ ദൈവം സംസാരിച്ചു ഇടിമുഴക്കത്തിൽ അല്ല, ചോദ്യം ചെയ്യലിൽ:



നീ നിഴലിനായി ദുഃഖിക്കുന്നുവെങ്കിൽ, നിഴലില്ലാതെ ജീവിക്കുന്ന മനുഷ്യർക്കായി എനിക്ക് ദുഃഖിക്കരുതോ?

യോന മറുപടി പറഞ്ഞില്ല. കഥ അവിടെയല്ല അവസാനിക്കുന്നത്; വായനക്കാരന്റെ മനസ്സിലാണ് അത് തീരുന്നത്. നാം ഓരോരുത്തരും എവിടെയോ ആവണക്കിന് കീഴിൽ ഇരിക്കുകയാണ് ദൈവത്തിന്റെ കരുണ നമ്മെ അസ്വസ്ഥമാക്കുമ്പോൾ, നീതി പൂർത്തിയാകാതെ പോയെന്ന ഭാവത്തോടെ.

നിനവെയുടെ നാശം കാത്തിരുന്ന യോന, യഥാർത്ഥത്തിൽ കണ്ടത് നാശമല്ല തന്റെ വംശീയവും സ്വാർത്ഥകേന്ദ്രീകൃതവുമായ വിചാരങ്ങളുടെ പരാജയമായിരുന്നു.

നിഴലുകൾ മരിക്കും തീർച്ച, അവിടെ എന്ന വിത്ത് മുളപൊട്ടും. പുഴുവിന്റെ കടിയേറ്റ് വാടിവീണ ആവണക്ക് യോനയോട് പറഞ്ഞു,

ആവണക്ക്: 'ഒന്നിനെയും അധികം സ്നേഹിക്കരുത്, ദുഖിക്കേണ്ടി വരും ! ഒന്നിനെക്കുറിച്ച് അധികം ചിന്തിക്കരുത്, അത് നിങ്ങളുടെ സമാധാനം കളയും..!'



പുന്നപ്പാലം എം.ജി.എം പബ്ലിക് സ്കൂൾ സിൽവർ ജൂബിലി ആഘോഷിക്കുന്നു. സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പുതുതായി നിർമാണം ആരംഭിക്കുന്ന സിൽവർ ജൂബിലി ബ്ലോക്കിന്റെ ശിലാസ്ഥാപനം സ്കൂളിന്റെ കോർപ്പറേറ്റ് മാനേജർ ഡോ. ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ നിർവഹിച്ചു.



ബോംബെ ഭദ്രാസന സുവർണജൂബിലി ആഘോഷ സമാപനം

സാമൂഹിക അസമത്വം ഇല്ലാതാക്കാൻ മുന്നിട്ടിറങ്ങൂ: പ. കാതോലിക്കാ ബാവാ

നവിമുംബൈ: സാമൂഹിക അസമത്വം ഇല്ലാതാക്കാൻ ഏവരും മുന്നിട്ടിറങ്ങണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. ബോംബെ ഭദ്രാസന സുവർണജൂബിലി ആഘോഷ സമാപന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാവിലെ 7-നു നമസ്കാരത്തെ തുടർന്ന് അർപ്പിച്ച കുർബാനയിൽ കാതോലിക്കാ ബാവാ മുഖ്യകാർമികത്വവും സഭയിലെ മെത്രാപ്പൊലീത്തമാർ സഹകാർമികത്വവും വഹിച്ചു. തുടർന്നു ബോംബെ ഭദ്രാസന അധ്യക്ഷൻ ഗീവർഗീസ് മാർ കുറിലോസിന്റെ അധ്യക്ഷതയിൽ പൊതുസമ്മേളനം നടത്തി. മെത്രാപ്പൊലീത്തമാരായ യൂഹാനോൻ മാർ പോളിക്കാർപ്പോസ് (അങ്കമാലി), അലക്സിയോസ് മാർ യൗസേബിയോസ് (കൊൽക്കത്ത), യാക്കൂബ് മാർ ഏലിയാസ് (ബ്രഹ്മവാർ), ഗീവർഗീസ് മാർ തെയോഫിലോസ് (അഹമ്മദാബാദ്, ബോംബെ സഹായ മെത്രാപ്പൊലീത്ത), സഭയുടെ അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കെ.ചാക്കോ, ജൂബിലി ജനറൽ കൺവീനർ ഫാ. ഏബ്രഹാം ജോസഫ് എന്നിവർ പ്രസംഗിച്ചു.



സഭയുടെ കോട്ടയം വൈദിക സെമിനാരി മുൻ പ്രിൻസിപ്പലും വേദശാസ്ത്രജ്ഞനും എഴുത്തുകാരനുമായ ഫാ. ഡോ. കെ. എം. ജോർജിന് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്ന മാർ തെയോഫിലോസ് പുരസ്കാരം സമ്മാനിച്ചു. 56 വൈദികരും 55 ദേവാലയങ്ങളുമുള്ള ബോംബെ ഭദ്രാസനം സുവർണ ജൂബിലിയോട് അനുബന്ധിച്ച് വിവിധ മേഖലകളിലായി 15 സാമൂഹികക്ഷേമ പദ്ധതികളാണു നടപ്പാക്കി വരുന്നത്.





സ്വയംഭരണ പദവിയുടെ മികവിൽ കോട്ടയം ബസേലിയസ് കോളജ്

എല്ലാ ബിരുദ വിദ്യാർഥികൾക്കും സ്കോളർഷിപ് നൽകുന്ന 'കരുതൽ' പദ്ധതിക്ക് തുടക്കം

കോട്ടയം: സ്വയംഭരണ പദവി ലഭിച്ചതിന്റെ നിറവിൽ ബസേലിയസ് കോളജ്, പ്രഖ്യാപനം ആഘോഷമാക്കി അധികൃതരും വിദ്യാർഥിസമൂഹവും.

ഉന്നത വിദ്യാഭ്യാസ മേഖല മാറ്റത്തിന്റെ പാതയിലാണെന്നും അധ്യാപനത്തിലെ മാറ്റങ്ങളെ അധ്യാപകർ ഇഷ്ടപ്പെടണമെന്നും സ്വയംഭരണ പദവി പ്രഖ്യാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് എംജി സർവകലാശാല വൈസ് ചാൻസലർ ഡോ. സി. ടി. അരവിന്ദകുമാർ പറഞ്ഞു. കോളജുകൾക്കുള്ള സ്വയംഭരണ അവകാശം 20 വർഷം മുൻപെങ്കിലും ആരംഭിക്കേണ്ടതായിരുന്നെന്നും അദ്ദേഹം പറഞ്ഞു. എംഒസി കോളജുകളുടെ മാനേജർ ഡോ. സഖറിയാസ് മാർ അപ്രേം സ്വയംഭരണ പദവി പ്രഖ്യാപനം നടത്തി.

സമത്വപാഠങ്ങൾ പഠിച്ചത് ബസേലിയസിൽ നിന്ന് ജസ്റ്റിസ് വി. ജി. അരുൺ

അടുത്ത അധ്യയന വർഷം മുതൽ കോളജിൽ ബിരുദ പ്രവേശനം നേടുന്ന എല്ലാ വിദ്യാർഥികൾക്കും സ്കോളർഷിപ് നൽകുന്ന 'കരുതൽ' പദ്ധതിയുടെ പ്രഖ്യാപനം ജസ്റ്റിസ് വി. ജി. അരുൺ നടത്തി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ പഠിച്ചത് ബസേലിയസിൽ നിന്നാണെന്ന് അദ്ദേഹം പറഞ്ഞു. മാനവികതയിലൂന്നിയ വിദ്യാഭ്യാസമാണ് നേടേണ്ടതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

കോളജ് ലോഗോയുടെ പ്രകാശനം സർവകലാശാല സിൻഡിക്കേറ്റംഗം റെജി സക്കറിയയും എൻസിസി ബാൻഡിന്റെ പേരു പ്രഖ്യാപനം എംഒസി കോളജ് സെക്രട്ടറി ഡോ. എം. ഇ. കുര്യാക്കോസും നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, വൈസ് പ്രിൻസിപ്പൽ ഡോ.പി. ജ്യോതിമോൾ എന്നിവർ പ്രസംഗിച്ചു.

രാവിലെ വിദ്യാർഥികളും അധ്യാപകരും അടങ്ങുന്ന സംഘം ദേവലോകം അരമനയിൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവയുടെ കബറിടത്തിൽ



പ്രാർഥന നടത്തി. ജോൺസ് ഏബ്രഹാം റീശ് കോറെപ്പിസ്കോപ്പ, ദേവലോകം അരമന മാനേജർ യാക്കൂബ് റമ്പാൻ എന്നിവർ പ്രാർഥനകൾക്കു നേതൃത്വം നൽകി. കബറിടത്തിൽ നിന്ന് തെളിച്ചുനൽകിയ ദീപശിഖ കോളജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ് ഏറ്റുവാങ്ങി. ഘോഷയാത്രയായി കോളജ് ക്യാംപസിൽ എത്തി. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ഛായാചിത്രത്തിനു മുന്നിലെ വിളക്കിലേക്ക് അഗ്നി പകർന്നു. മെഗാ സുംബ ഡാൻസ്, കോളജിന്റെ പുതിയ ഗാനത്തിന്റെ ആലാപനം എന്നിവ നടന്നു.

സ്നേഹാദരം നൽകി

ഹൈക്കോടതി ജസ്റ്റിസായി വിരമിച്ച വി. ജി. അരുണിനു ബസേലിയസ് കോളജിലെ പൂർവവിദ്യാർഥി സംഘടനയായ വി ബസേലിയൻ സ്നേഹാദരം നൽകി. മുൻ എംപി കെ. സുരേഷ് കുറുപ്പ് ഉദ്ഘാടനം ചെയ്തു. വി ബസേലിയൻ പ്രസിഡന്റ് പി. ജി. ദാനിയേൽ അധ്യക്ഷത വഹിച്ചു.



കുടശ്ശനാട് സെന്റ് സ്റ്റീഫൻ ഓർത്തഡോക്സ് കത്തീഡ്രൽ പെരുന്നാളിനോടനുബന്ധിച്ച് നടന്ന പ്രവാസി സംഗമത്തിൽ മഹാത്മ ഗാന്ധി ദേശസേവ പുരസ്ക്കാരം ലഭിച്ച ജോൺസൺ കീപ്പള്ളിലിനെ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലിത്തായും സഭാ സെക്രട്ടറി അഡ്വ. ബിജു ഉമ്മനും ചേർന്ന് ആദരിക്കുന്നു.



കണ്ടനാട് കർമ്മേൽ ദയറായിൽ കബറടങ്ങിയിരിക്കുന്ന പത്രോസ് മാർ ഒസ്താത്തിയോസ് ഓർമ്മപെരുന്നാളിനോടനുബന്ധിച്ചു നടത്തിയ പത്രോസ് മാർ ഒസ്താത്തിയോസ് ദർശനങ്ങൾ എന്ന സിമ്പോസിയം ജസ്റ്റീസ് ബെഞ്ചമിൻ കോശി ഉദ്ഘാടനം ചെയ്യുന്നു.



സ്വിസ്റ്റർലാൻഡ് DBS യൂണിവേഴ്സിറ്റിയിൽ നിന്നും ബിസിനസ് മാനേജ്മെന്റിൽ ഡോക്ടറേറ്റ് നേടിയ ഫിലിപ്പോസ് പുതുക്കുളങ്ങര. ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഇടവക അംഗമാണ്. മാതൃ ഇടവക: കാർത്തികപ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ (മാവേലിക്കര ഭദ്രാസനം).



ഇ. വി കൃഷ്ണപിള്ള ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഈ വർഷത്തെ അടൂർ ദേശപ്പെരുമ സാമൂഹ്യ സേവന പുരസ്കാരം പ്രതിപക്ഷ നേതാവ് വി. ഡി. സതീശനിൽ നിന്ന് കേരള കോൺഗ്രസ് വൈസ് ചെയർമാൻ പ്രൊഫ ഡി. കെ. ജോൺ ഏറ്റുവാങ്ങുന്നു.



ബിനു കെ. സാമിന് ആചാര്യശ്രേഷ്ഠ പുരസ്ക്കാരം



പത്തനംതിട്ട: മേക്കൊഴൂർ മാർത്തോമ്മാ ഹൈസ്കൂൾ സുവർണ ജൂബിലിയോടനുബന്ധിച്ച് സാമൂഹിക, സാംസ്കാരിക, ആധ്യാത്മിക മണ്ഡലങ്ങളിൽ ശ്രദ്ധേയരായ സംസ്ഥാനത്തെ അധ്യാപകർക്ക് ഏർപ്പെടുത്തിയ ആചാര്യശ്രേഷ്ഠ പുരസ്കാരം പത്തനംതിട്ട സെന്റ് മേരീസ് ഹൈസ്ക്കൂൾ ഭാഷാധ്യാപകനും രാജ്യാന്തര പരിശീലകനുമായ ബിനു കെ. സാമിന്. ഭാഷയിലെ തെറ്റും ശരിയും പറയുന്ന പംക്തിയായ 'പതിരും കതിരി'ലൂടെ ശ്രദ്ധേയനായ ബിനു കെ. സാം സംസ്ഥാന പാഠപുസ്തക സമിതിയംഗവും എൻസിഇആർടിയുടെ ആർട്ട് ഇന്റഗ്രേറ്റഡ് ലേണിംഗ് സ്റ്റേറ്റ് മാസ്റ്റർ ട്രെയിനറുമാണ്. തേക്കുതോട് സ്വദേശിയായ ഇദ്ദേഹം മികച്ച രക്തദാതാവിനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാര ജേതാവു കൂടിയാണ്. മേക്കൊഴൂർ മാർത്തോമ്മാ ഹൈസ്കൂൾ സുവർണ ജൂബിലി സമാപനത്തിൽ സ്കൂൾ മാനേജർ റവ. ബി. മാത്യു, മുൻ ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ് എന്നിവർ ചേർന്ന് പുരസ്ക്കാരം കൈമാറി.



അണ്ടർ 19 ലോകകപ്പ് സെമിയിൽ ഇന്ത്യയ്ക്കായി മിന്നും സെഞ്ചുറി നേടിയ ആരോൺ ജോർജ്. മലങ്കരസഭയുടെ ബാംഗ്ലൂർ ഭദ്രാസനത്തിലെ സെക്കണ്ടറാബാദ് സെന്റ് ആൻഡ്രൂസ് പള്ളി ഇടവകാംഗമാണ്.